# KANNUR UNIVERSITY

## MINUTES OF THE ORDINARY MEETING OF THE SENATE
## DATE: 28th DECEMBER 2022 (WEDNESDAY)
## TIME: 10.00 AM
## VENUE: STUDENTS AMENITY CENTRE.

**MEMBERS PRESENT**:

1. Prof. Gopinath Ravindran (Vice-Chancellor).
2. Prof. Sabu.A (Pro-Vice-Chancellor).
3. Dr. T.P. Ashraf.
4. Dr. A. Ashokan.
5. Dr. K.T. Chandramohanan.
6. Dr. P.P.Jayakumar
7. Prof. (Dr) Prasadan P K.
8. Sri. Pramod Kumar K.V.
9. Dr. Rakhi Raghavan.
10. Prof. (Dr).K.Sreejith.
11. Prof. V Lissy Mathew.
12. Smt. Sreelekha M.
13. Sri. Sarang K.
14. Dr. Dominic Thomas.
15. Dr. Swarupa R
16. Smt. K.K. Shailaja Teacher
17. Dr. Manjula K.V.
18. Sri. Jayakrishnan T.V.
19. Dr. Ismail Olayikkara.
20. Sri. Shanavas S.M.
21. Smt. Latha E.S.
22. Dr. R.K. Biju.
23. Dr. Premachandran Keezhoth.
24. Smt. Sona P.
25. Dr. Suresh Kumar K.S.
26. Dr. Shanoj M P.
27. Sri. P.V Balakrishnan.
28. Sri. Saju .P.J.
29. Sri. Sethumadhavan T
30. Sri. Satheesan P.K.

31. Sri. M.P.A. Rahim
32. Sri. T. Prabhakaran
33. Sri. K K Narayanan

Also present: Dr. Joby K Jose, Registrar.

9.01. Prof. Gopinath Ravindran, Vice-Chancellor took the chair and called the meeting to order at 10 am.

9.02. The meeting thereafter considered the items on the agenda.

## I. Questions asked by the Members of the Senate and answers thereto by the Syndicate.

Q.No. 1

Dr. SWARUPA R

യു.ജി, പി.ജി സെമസ്റ്റർ പരീക്ഷകൾ നടത്തുന്നതിന് റെഗുലേഷൻ പ്രകാരം 90 പ്രവർത്തി ദിവസങ്ങൾ ആവശ്യമാണ്. ഇത്തരത്തിൽ 90 പ്രവർത്തി ദിവസങ്ങൾ കൃത്യമായി ഉറപ്പ് വരുത്തിയിട്ടാണോ യൂണിവേഴ്സിറ്റി പരീക്ഷകൾ നടത്താറുള്ളത്? അല്ലാതെ പരീക്ഷകൾ നടത്തിയിട്ടുണ്ടോ?.

**ഉത്തരം** – സർവ്വകലാശാല റെഗുലേഷനിൽ പ്രതിപാദിച്ചത് പ്രകാരം ഒരോ സെമസ്റ്ററിനും ആവശ്യമുള്ള പ്രവർത്തി ദിവസങ്ങൾ ഉറപ്പു വരുത്തിക്കൊണ്ട് തയ്യാറാക്കിയ അക്കാദമിക് കം പരീക്ഷാ കലണ്ടറിനെ അടിസ്ഥാനപ്പെടുത്തിയാണ് സർവ്വകലാശാല പരീക്ഷകൾ നടത്താറുള്ളത്. അങ്ങനെ അല്ലാതെ പരീക്ഷകൾ നടത്തിയിട്ടില്ല.

9.03. ചോദ്യകർത്താവ് തത്സമയം ഹാജരല്ലാത്തതിനാൽ ചോദ്യം ഉന്നയിക്കാൻ കഴിഞ്ഞില്ല.

Q.No. 2

Smt. SONA P

യൂണിവേഴ്സിറ്റി പരീക്ഷകൾക്കായി ചോദ്യപേപ്പർ തയ്യാറാക്കുന്ന അദ്ധ്യാപകർക്ക് സമയബന്ധിതമായി പ്രതിഫലം നൽകുന്നില്ലെന്ന പരാതി നിലവിലുണ്ട്. ഇതുവരെ ചോദ്യപേപ്പർ തയ്യാറാക്കിയതുമായി ബന്ധപ്പെട്ട് എത്ര അദ്ധ്യാപകർക്ക് പ്രതിഫലം നൽകാൻ ബാക്കിയുണ്ട്?.

**ഉത്തരം** – യൂണിവേഴ്സിറ്റി പരീക്ഷകൾക്കായി ചോദ്യപേപ്പർ തയ്യാറാക്കുന്ന അദ്ധ്യാപകർക്ക് പ്രതിഫലം നൽകുന്നതിൽ കോവിഡുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടുവെങ്കിലും നിലവിൽ സമയബന്ധിതമായി പ്രതിഫലം നൽകിവരുന്നുണ്ട്. പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ ലഭ്യമായ ന്യൂനതകൾ ഉള്ള ബില്ലുകൾ ഒഴിച്ച് ബാക്കി എല്ലാ ബില്ലുകളും ലഭിക്കുന്ന മുറയ്ക്ക് നടപടികൾ പൂർത്തിയാക്കി പേയ്മെന്റ് ചെയ്യുന്നതിനായി അക്കൗണ്ട്സ് സെക്ഷനിലേക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ അക്കൗണ്ട്സ് സെക്ഷനിൽ ലഭിച്ചിട്ടുള്ള ബില്ലുകളിൽ ഒന്നും തന്നെ തുക നൽകാനായി ബാക്കിയില്ല.

9.04. ചോദ്യകർത്താവ് തത്സമയം ഹാജരല്ലാത്തതിനാൽ ചോദ്യം ഉന്നയിക്കാൻ കഴിഞ്ഞില്ല.

Q.No. 3

Sri. SATHEESAN P K

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ IQAC കോ-ഓർഡിനേറ്റർമാരെ ഉൾപ്പെടുത്തി സർവ്വകലാശാല തലത്തിലുള്ള

IQAC കമ്മിറ്റിയുടെ മീറ്റിംഗ് എത്ര നടന്നു? ആയതിന്റെ വിശദാംശങ്ങൾ ഏതൊക്കെ?.

**ഉത്തരം – പ്രൊഫ. പ്രസാദൻ പി.കെ** - അഫിലിയേറ്റഡ് കോളേജുകളിലെ IQAC ഡയറക്ടർമാർ/കോർഡിനേറ്റർമാർക്കായി 30/11/2022 നു രാവിലെ 10.30 മുതൽ ഉച്ചക്ക് 1 മണി വരെ താവക്കര ക്യാമ്പസ്സിൽ വെച്ച് IQAC യുടെ നേതൃത്വ ത്തിൽ നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരു ഓറിയെന്റേ ഷൻ പ്രോഗ്രാം നടത്തി. ഇതിൽ കേരള സർവ്വകലാശാലയുടെ IQAC ഡയറക്ടർ പ്രൊഫ. ഗബ്രിയേൽ സൈമൺ തട്ടിൽ വിഷയവുമായി ബന്ധപ്പെട്ട് വിശദമായി സംസാരിച്ചു.

9.05. ഇതിനു പുറമേ IQAC യുടെ നേതൃത്വത്തിൽ പല കോളേജുകളിലും ടീച്ചേഴ്സിന് ഓറിയന്റേഷൻ കൊടുക്കാനുദ്ദേശിക്കുന്നുണ്ട്. കോളേജുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് IQAC യുടെ സപ്പോർട്ട് കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത എല്ലാ കോളേജുകൾക്കും ലഭ്യമാക്കുന്നതാണ്.

9.06. കണ്ണൂർ സർവ്വകലാശാലയിൽ IQAC രൂപീകരിച്ചിട്ട് കുറേ വർഷങ്ങളായി. നമ്മുടെ സർവ്വകലാശാലയിൽ 107 അഫിലിയേറ്റഡ് കോളേജുകൾ ഉണ്ടെന്ന് തോന്നുന്നു. ഇതിൽ എത്ര കോളേജുകൾക്ക് നിലവിൽ നാക് അംഗീകാരം ഉണ്ട്. അതുപോലെ തന്നെ എത്ര കോളേജുകൾ അക്രഡിറ്റേഷന് പോയിട്ടില്ല. വാലി ഡിറ്റി കഴിഞ്ഞ എത്ര കോളേജുകൾ ഉണ്ട്. ഇത്തരത്തിൽ കോളേജുകളെ സംബ ന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഡാറ്റ IQAC യുടെ കൈവശം ഉണ്ടോ എന്ന് ഡോ. ആർ.കെ. ബിജു ഉപചോദ്യം ഉന്നയിച്ചു.

9.07. IQAC യുടെ കൈവശം ഡാറ്റ ഉണ്ട് എന്നും എന്നാൽ നോക്കാതെ പറയാൻ കഴി യില്ല എന്നും വൈസ് ചാൻസിലർ അറിയിച്ചു.

9.08. IQAC യുടെ ഡയറക്ടർ കൂടിയായ പ്രോ. വൈസ് ചാൻസിലർ വിളിച്ച് ചേർത്ത മീറ്റിങ്ങിൽ 30% അംഗങ്ങൾ മാത്രമാണ് പങ്കെടുത്തത്.

Q.No. 4

Dr. ISMAIL OLAYIKKARA

പരീക്ഷാ ഫലം വന്നശേഷം വിദ്യാർത്ഥി പുനർമൂല്യനിർണ്ണയത്തിന് അപേക്ഷി ക്കുകയും മാർക്കിൽ വ്യത്യാസം വരാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ആവശ്യപ്പെടുകയും അത് പരിശോധിച്ച പ്പോൾ മാർക്ക് കൂടേണ്ടത് തന്നെയാണെന്ന് വിദ്യാർത്ഥിക്ക് ഉത്തമബോധ്യം ഉണ്ടെങ്കിൽ തേർഡ് വാലേഷൻ നടത്താനുള്ള സാഹചര്യം ഉണ്ടോ?. ഇല്ലെങ്കിൽ അർഹമായ മാർക്ക് നേടിയെടുക്കാൻ വിദ്യാർത്ഥിക്ക് എന്ത് മാർഗമാണ് നില വിൽ സ്വീകരിക്കാൻ സാധിക്കുക?.

**ഉത്തരം – ഡോ. പി.പി. ജയകുമാർ** - As per the regulations for revaluation/ recounting/ issue of photocopy of answer scripts of University Examinations implemented vide UO No. Acad/C2/7101/2009 dated 20/10/2010.

Clause 10 states that "Unless otherwise specified by the University, application for the revaluation/issue of photocopy/scrutiny of answer scripts should reach the Controller of Examinations within 10 working days from the date of publication of the result of the examination concerned".

Clause 11 states that "An answer script which has been scrutinized once or re-valued once shall not be scrutinized/re-valued again as the case may be".

മേൽ പറഞ്ഞ വ്യവസ്ഥകൾ പ്രകാരം പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ സർവ്വകലാശാല അനുവദിച്ച സമയപരിധിക്കുള്ളിലാണ് ഫോട്ടോകോപ്പിയ്ക്കും അപേക്ഷിക്കേണ്ടത്. കൂടാതെ പുനർമൂല്യനിർണ്ണയം/സ്ക്രൂട്ടിനി നടത്തി ഫലം പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ അതിൽ വീണ്ടും ഒരു മൂല്യനിർണ്ണയം/സ്ക്രൂട്ടിനി അനുവദനീയമല്ല. സർവ്വകലാശാല റെഗുലേഷനിൽ ഈ നിബന്ധന വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതിനാൽ പുനർമൂല്യനിർണ്ണയ ഫലം പ്രസിദ്ധീകരിച്ച ശേഷം മാർക്കിൽ വർദ്ധന ആവശ്യപ്പെടാൻ വിദ്യാർത്ഥികൾക്കോ, അത് വീണ്ടും പരിശോധിക്കുന്നതിന് സർവ്വകലാശാലയ്ക്കോ നിർവ്വാഹമില്ല എന്നറിയിക്കുന്നു.

9.09. സർ സയ്യിദ് കോളേജിലെ പ്രിൻസിപ്പാൾ കൂടിയായ ഡോ. ഇസ്മായിൽ ഓലായിക്കര തനിക്കുണ്ടായ അനുഭവം പറഞ്ഞു. ഒരു വിദ്യാർത്ഥി ഉത്തര കടലാസിന്റെ ഫോട്ടോകോപ്പി കൊണ്ടുവന്നിട്ട് തനിക്ക് 14 മാർക്ക് കൂടി ഇതിൽ കിട്ടാനുണ്ട് എന്ന് പറഞ്ഞു. ഇത് നീ എങ്ങിനെ അറിഞ്ഞു എന്ന ചോദ്യത്തിന് അവനെ പഠിപ്പിച്ച ടീച്ചറുടെ അടുത്ത് കൊടുത്ത് വാല്യു ചെയ്തു എന്ന് പറഞ്ഞു. ആ ടീച്ചറുടെ അടുത്ത് ഞാൻ ചോദിച്ചപ്പോൾ ഈ വിദ്യാർത്ഥി പറയുന്നത് ശരിയാണെന്നും അവൻ ക്ലാസിൽ നന്നായി പഠിക്കുന്നതാണെന്നും അവന് 14 മാർക്ക് കൂടി കിട്ടുന്നതിന് അർഹതയുണ്ടെന്നും പറഞ്ഞു. വിദ്യാർത്ഥി യൂണിവേഴ്സിറ്റിയെ സമീപിച്ചപ്പോൾ ഇതെപോലെയാണ് വിദ്യാർത്ഥിക്ക് മറുപടി കിട്ടിയത്. ഇതിൽ നീതിനിഷേധം ഉണ്ടെന്നും, കുട്ടിക്ക് അനുകൂലമായി എന്ത് ചെയ്യാനാകുമെന്നു കൂടി ആലോചിക്കേണ്ടതാണെന്നും അറിയിച്ചു.

9.10. നിലവിലുള്ള റെഗുലേഷൻ പ്രകാരമാണ് യൂണിവേഴ്സിറ്റിയുടെ വാലേഷൻ, സ്ക്രൂട്ടിനി സംബന്ധമായ കാര്യങ്ങൾ നടത്തുന്നത്. ഇത്തരം പരാമർശങ്ങൾ ഉണ്ടാവുമ്പോൾ സ്വാഭാവികമായി റെഗുലേഷനിൽ മാറ്റം വരാതെ ഇത് യൂണിവേഴ്സിറ്റിക്ക് ഏകപക്ഷീയമായി തീരുമാനമെടുക്കാൻ പ്രയാസമുണ്ടെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ജയകുമാർ പി.പി പറഞ്ഞു

9.11. ഇസ്മായിൽ ഓലായിക്കര പറഞ്ഞത് ശരിയാണെന്നും ഇതുപോലുള്ള ഒരു കേസ് തന്റെ ശ്രദ്ധയിൽ വന്നിരുന്നെന്നും വൈസ് ചാൻസിലർ അറിയിച്ചു. വളരെയധികം മാർക്ക് വ്യത്യാസം ഉണ്ടെങ്കിൽ നമുക്ക് റെഗുലേഷൻ പറഞ്ഞ് കൊണ്ട് ഇരിക്കാൻ കഴിയില്ലെന്നും അതുകൊണ്ട് കഴിവതും വേഗം റെഗുലേഷനിൽ മാറ്റം വരുത്തുന്നതിന് വേണ്ടി സിൻഡിക്കേറ്റിന് മുന്നിൽ വെച്ച് ആവശ്യമായ മാറ്റം വരുത്താവുന്നതാണെന്നും ചെയർ അറിയിച്ചു. മൂന്നാമത്തെ വാല്യേഷന് പോകുമ്പോൾ ആവശ്യമെങ്കിൽ ഫീസ് വർദ്ധിപ്പിക്കാമെന്ന് വൈസ് ചാൻസിലർ അറിയിച്ചു. ഒന്നാമത്തേതിലും രണ്ടാമത്തേതിലും വലിയ വ്യത്യാസം വരുമ്പോൾ സാധാരണ മൂന്നാമത്തേതിലേക്കാണ് പോകേണ്ടത്. അതിൽ വേണ്ട മാറ്റങ്ങൾ റെഗുലേഷനിൽ വരുത്തേണ്ടിയിരിക്കുന്നു.

9.12. വാല്യേഷനെക്കുറിച്ച് പലപ്പോഴും പറയാറുള്ളതാണെന്നും ഈ വിദ്യാർത്ഥി ചെയ്തതുപോലെ പോകാൻ പറ്റാത്ത വിദ്യാർത്ഥികൾ ധാരാളം ഉണ്ട്. ആയതിനാൽ ഈ രീതിയിൽ തന്നെ അഡ്രസ്സ് ചെയ്യണം. റെഗുലേഷൻ ഈ വിധത്തിൽ മാറ്റാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഡോ. ഇസ്മായിൽ ഓലായിക്കര ആവശ്യപ്പെട്ടു.

9.13. ഇതിൽ ഒരു പ്രശ്നം കൂടി ഉണ്ടെന്നും ഇത് നമ്മൾ സമ്മതിക്കുമ്പോൾ സേഫ്ഗാർഡ് ഇല്ലെങ്കിൽ എല്ലാവർക്കും മൂന്നാമത്തെ പ്രാവശ്യം കൂടി സാധ്യതയുണ്ട് എന്ന് ചെയർ അറിയിച്ചു.

9.14. 50 മാർക്കിൽ 14 മാർക്കിന്റെ വ്യത്യാസം എന്നത് വലിയ വ്യത്യാസമാണെന്നും ഈ കുട്ടിക്ക് അർഹമായ പരിഗണന ലഭിക്കുമോ എന്നും ഡോ.ആർ.കെ ബിജു ചോദിച്ചു.

9.15. റെഗുലേഷനിൽ മാറ്റം വരുത്താതെ നമ്മൾ അങ്ങനെ ഒരു തീരുമാനം എടുക്കാൻ പാടില്ല എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. രാഖി രാഘവൻ പറഞ്ഞു.

9.16. റെഗുലേഷനിൽ മാറ്റം വരുത്താതെ ഇത് പരിഗണിക്കാൻ കഴിയുമോ എന്ന് നോക്കണം എന്ന് ഡോ. സുരേഷ് കുമാർ കെ.എസ് അഭിപ്രായപ്പെട്ടു.

9.17. മാർക്ക് വ്യത്യാസം ഉണ്ടായിരിക്കും. പക്ഷെ റെഗുലേഷൻ മറികടന്ന് തീരുമാനം എടുക്കേണ്ടിവരും എന്ന് ചെയർ അറിയിച്ചു.

9.18. സെനറ്റിൽ ഉന്നയിക്കപ്പെട്ട വിഷയമായതിനാൽ കുട്ടിക്ക് യഥാർത്ഥത്തിൽ അർഹതയുണ്ടെങ്കിൽ കൊടുക്കാൻ ബാധ്യസ്ഥനാണല്ലോ എന്നും പിടിച്ചു വെക്കുന്നത് ശരിയല്ലല്ലോ എന്നും ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു. അതുകൊണ്ട് ഇത്തരത്തിൽ ഒരു കൺസന്റ് വൈസ് ചാൻസിലർക്ക് എക്സിക്യൂട്ട് ചെയ്യാൻ പറ്റുന്ന രീതിയിൽ ഒരു നടപടി സ്വീകരിക്കണമെന്നും ഡോ.ആർ.കെ ബിജു പറഞ്ഞു.

9.19. ഇത് ഒരു കീഴ്വഴക്കമായി വെച്ചു കഴിഞ്ഞാൽ മാർക്ക് കൂടാൻ സാധ്യതയുണ്ട് എന്ന് തോന്നുന്ന ഏത് കുട്ടിക്കും യൂണിവേഴ്സിറ്റിയോട് തേർഡ് വാലേഷന് ആവശ്യപ്പെടാൻ കഴിയുമെന്ന് സിൻഡിക്കേറ്റ് മെമ്പർ പ്രൊഫ. പ്രസാദൻ പി.കെ പറഞ്ഞു. അടിസ്ഥാനപരമായി എല്ലാ ടീച്ചേഴ്സും വാല്യു ചെയ്യുന്ന സമയത്ത് കുറച്ചുകൂടി വിജിലന്റ് ആവാൻ ശ്രദ്ധിക്കേണ്ടതാണ്. സർവ്വകലാശാല നേരിട്ട് ഇട പെടുന്നതിന് പകരം ടീച്ചേഴ്സ് തന്നെ ഈ രീതിയിലേക്ക് മാറ്റം കൊണ്ടുവരണം. ഒരു കുട്ടിയുടെ കേസ് മാത്രമായിട്ട് തീരുമാനമെടുക്കാൻ സാങ്കേതികമായിട്ട് പറ്റു കയില്ല. നമ്മുടെ റെഗുലേഷനിൽ മാറ്റം വരുത്താത്തിടത്തോളം കാലം അങ്ങനെ ഒരു തീരുമാനം എടുക്കാൻ കഴിയില്ലെന്ന് അദ്ദേഹം പറഞ്ഞു.

9.20. ആ കുട്ടിയുടെ കേസ് അനുഭാവ പൂർവ്വം പരിഗണിക്കാൻ ഈ സെനറ്റ് യോഗത്തിൽ തീരുമാനിക്കാവുന്നതാണെന്ന് ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു.

9.21. പുതിയ ടീച്ചർ ഇൻഡക്സ് ചെയ്യുന്ന സമയത്ത് നാലോ അഞ്ചോ മാസം പോലും ടീച്ചിങ് എക്സ്പീരിയൻസ് ഇല്ലാത്ത അദ്ധ്യാപകർ പോലും പേപ്പറുകൾ വാല്യു ചെയ്യുന്ന സാഹചര്യം ഉണ്ട്. എത്രയും പെട്ടെന്ന് വാല്യേഷൻ ക്യാമ്പ് തീർക്കുക എന്ന് മാത്രമേ സർവ്വകലാശാല നോക്കുന്നുള്ളൂ. അതിന്റെ ഭാഗമായിട്ട് സംഭവിക്കുന്നതാണ്. ഒരു വർഷം പോലും ടീച്ചിങ് എക്സ്പീരിയൻസ് ഇല്ലാത്ത അദ്ധ്യാപകർ പോലും പേപ്പർ വാല്യു ചെയ്യുമ്പോൾ സാധാരണയായിട്ട് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകും. അതിൽ യാതൊരു സംശയവും ഇല്ല. ഈ കുട്ടിക്ക് അർഹിക്കുന്ന പരിഗണന ഉണ്ടെങ്കിൽ ഒരു മാർക്ക് നഷ്ടപ്പെടുത്താൻ പാടില്ല എന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

9.22. സെനറ്റിന് റെഗുലേഷൻ മോഡിഫൈ ചെയ്യാനുള്ള അധികാരം ഇല്ല. അക്കാദമിക് കൗൺസിലിലേക്ക് റഫർ ചെയ്യാൻ മാത്രമേ കഴിയുകയുള്ളൂ. റെഗുലേഷൻ മോഡിഫൈ ചെയ്യാനുള്ള അധികാരം അക്കാദമിക് കൗൺസിലിനാണ്. അല്ലെങ്കിൽ By excising the power of Academic Council (Act 11.1) എന്ന അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർക്ക് ചെയ്യാനേ സാധിക്കുകയുള്ളൂ എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി.പി അഷ്റഫ് പറഞ്ഞു.

9.23. സെനറ്റ് അക്കാദമിക് കൗൺസിലിലേക്ക് റെഫർ ചെയ്യുന്നു. അക്കാദമിക് കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ തീരുമാനം എടുത്ത് അത് റിപ്പോർട്ട് ചെയ്താൽ മതി എന്ന് സിൻഡിക്കേറ്റ് മെമ്പർ പ്രൊഫ. പ്രസാദൻ പി.കെ പറഞ്ഞു.

Q.No. 5

Sri. SATHEESAN P K

അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല എത്ര തുക ഹൈക്കോടതി വക്കീൽ ഫീസിനത്തിൽ ചിലവാക്കിയിട്ടുണ്ട്?. വ്യക്തമാക്കുക.

**ഉത്തരം – ഡോ. എ അശോകൻ** - കണ്ണൂർ സർവ്വകലാശാല ഭരണ വിഭാഗത്തിൽ തയ്യാറാക്കിയിട്ടുള്ള സ്യൂട്ട് രജിസ്റ്റർ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ (ലക്ച്ചറർ ഉൾപ്പെടെ) നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതി വക്കീൽ ഫീസ് ഇന ത്തിൽ താഴെ ചേർത്ത പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | കേസ് നമ്പർ | കക്ഷിയുടെ പേര് | അനുവദിച്ച തുക |
|---|---|---|---|
| 1 | WP(C) No.27099/2011 | Dr.Manjusha.S | ₹3,500/- |
| 2 | Contempt Case(C) No. 1659/2015 in WP(C) No. 19769/2012 | Smt.Prasannakumari E.S | ₹3,750/- |
| 3 | WP(C) No.21117/2016 | Smt.Prasannakumari E.S | ₹3,250/- |
| 4 | WA No.1397/2016 in WP(C) No.12494/2009 | Dr.R K Sunil Kumar | ₹4,000/- |
| 5 | WP(C) No.2018/2017 | Dr.Praveen E P | ₹4,500/- |
| 6 | WA No.1904/2019<br>WA No.1823/2019 | i. Dr.Praveen E P<br>ii. Faizal P | ₹13,000/- |
| ആകെ അനുവദിച്ച തുക : ₹32,000/- (മുപ്പത്തി രണ്ടായിരം രൂപ മാത്രം) | | | |

9.24. അടുത്ത കാലത്തായിട്ട് അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് പ്രിയ വർഗ്ഗീസിന്റെ നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ രജിസ്ട്രാറിനുവേണ്ടി വക്കീൽ ഹാജരായിട്ടുണ്ട്. ഇതൊന്നും ഇതിനകത്ത് പ്രതിപാദിച്ചതായി കാണുന്നില്ല എന്ന് ശ്രീ. സതീശൻ പി.കെ ഉപചോദ്യം ഉന്നയിച്ചു.

9.25. അസിസ്റ്റന്റ് പ്രൊഫസറുമായി ബന്ധപ്പെട്ട ചോദ്യമാണ് ബഹു. സെനറ്റംഗം ചോദിച്ചത്. അസിസ്റ്റന്റ് പ്രൊഫസറുമായി ബന്ധപ്പെട്ട ചോദ്യം മാത്രമേ പറ്റുകയുള്ളൂ. അസോസിയേറ്റ് പ്രൊഫസറുമായി ബന്ധപ്പെട്ട് വേണമെങ്കിൽ വേറെ ചോദ്യം ചോദിക്കണം. ആവശ്യമില്ലാതെ മറ്റ് ചോദ്യങ്ങൾ ചോദിക്കരുത് എന്ന് ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു.

9.26. ഹൈക്കോടതി വക്കീലിന് നൽകിയ തുകയായി 3250/-, 4000/- എന്നിങ്ങനെയാണ് കാണുന്നത്. ഇവിടെ സാധാരണ കോടതികളിലെ വക്കീൽമാർക്ക് തന്നെ 15000/-, 20000/- ഒക്കെയാണ് ഫീസ്. ഇത്രയും പൈസ മാത്രമാണോ കൊടുത്തത്?. ഇത് സർവ്വകലാശാല സെനറ്റിനെ മറച്ച് വെച്ച ഉത്തരമാണോ എന്നു മാത്രമാണ് തനിക്ക് അറിയേണ്ടതെന്ന് ശ്രീ. സതീശൻ പി.കെ പറഞ്ഞു.

9.27. സർവ്വകലാശാലയുടെ മറുപടിയാണ് താൻ അറിയിച്ചതെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. എ അശോകൻ പറഞ്ഞു.

Q.No. 6

Dr. SURESH KUMAR K S

എൻ.സി.സി. യുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച വിദ്യാർത്ഥികൾ ഗ്രേസ് മാർക്കിന് അപേക്ഷ നൽകിയപ്പോൾ അവരിൽ നിന്ന് ഫൈൻ അടക്കാൻ ആവശ്യപ്പെട്ടതായി അറിയുന്നു. ഏത് കാരണത്താലാണ് വിദ്യാർത്ഥികളിൽ നിന്ന് ഫൈൻ ഈടാക്കേണ്ടി വന്നത്? ഇത് പൂർണ്ണമായും വിദ്യാർത്ഥികളുടെ പക്ഷത്തു നിന്നുണ്ടായ വീഴ്ച്ചകൊണ്ടാണോ?.

**ഉത്തരം – ഡോ. രാഖി രാഘവൻ** - വിദ്യാർത്ഥികളുടെ എൻ.സി.സി ഗ്രേസ് മാർക്ക് പിഴ ഈടാക്കാതെ അനുവദിക്കാവുന്ന നിശ്ചിത കാലാവധിക്കും ശേഷം സമർപ്പിച്ചതിൽ പ്രിൻസിപ്പാൾമാരോട് വിശദീകരണം ആരായുകയും വിവിധ കോളേജ് പ്രിൻസിപ്പാൾമാർ സമർപ്പിച്ച വിശദീകരണങ്ങൾ പരിഗണിച്ച ബഹു. വൈസ് ചാൻസിലർ, എൻ.സി.സി ഗ്രേസ് മാർക്കിനുള്ള അപേക്ഷയോടൊപ്പം

സമർപ്പിക്കേണ്ട ഹാൾടിക്കറ്റിന്റെ കോപ്പി നൽകാൻ കാലതാമസം ഉണ്ടായതിനാലും, കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എൻ.സി.സി പരീക്ഷകൾ നടത്തുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും കാലതാമസം നേരിട്ടു എന്നതിനാലും എൻ.സി.സി ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ സർവ്വകലാശാലയിൽ സമർപ്പിക്കാൻ വൈകിയതിന് പിഴ ഒടുക്കുന്നതിൽ നിന്നും കോളേജുകളെ ഒഴിവാക്കിയിരുന്നു. കോളേജിൽ നിന്നും യഥാസമയം എൻ.സി.സി ഗ്രേസ് മാർക്ക് അപേക്ഷകൾ സർവ്വകലാശാലയിൽ സമർപ്പിക്കുവാൻ ഉണ്ടാകുന്ന കാലതാമസം കാരണം ആണ് ഫൈൻ ഈടാക്കുന്നത്. ഇത് വിദ്യാർത്ഥികളുടെ പക്ഷത്ത് നിന്നുണ്ടായ വീഴ്ച കൊണ്ടല്ല.

9.28. കോവിഡിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് പിഴ ഒഴിവാക്കി കൊടുത്തിട്ടുണ്ടെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. രാഖി രാഘവൻ പറഞ്ഞു.

Q.No.7

Dr. SURESH KUMAR K S

കണ്ണൂർ യൂണിവേഴ്സിറ്റി ആക്ട് പ്രകാരം സെനറ്റിൽ നിന്ന് ഒരു അംഗത്തെ സിന്റിക്കേറ്റിലേക്ക് തിരഞ്ഞെടുക്കേണ്ടതുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ?. ഇല്ലെങ്കിൽ എന്തുകൊണ്ട്?.

**<u>ഉത്തരം</u> – ഡോ. ടി.പി. അഷ്റഫ്** - സെനറ്റിലെ വിദ്യാർത്ഥി പ്രതിനിധികളിൽ നിന്ന് ഒരാളെയാണ് യൂണിവേഴ്സിറ്റി ആക്ടിലെ ചാപ്റ്റർ IV 23 (g) പ്രകാരം സിൻഡിക്കേറ്റിലേക്ക് തെരഞ്ഞെടുക്കേണ്ടത്. വിദ്യാർത്ഥി പ്രതിനിധികളുടെ കാലാവധി ഒരു വർഷം ആണ്. സെനറ്റിൽ നിലവിൽ വിദ്യാർത്ഥി പ്രതിനിധികൾ ഇല്ല. വിദ്യാർത്ഥി പ്രതിനിധികളെ ഉൾപ്പെടുത്തി സെനറ്റ് പുനഃസംഘടിപ്പിക്കുന്ന മുറക്ക് സിൻഡിക്കേറ്റിലേക്ക് ആക്ടിൽ പരാമർശിച്ച പ്രകാരം തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

9.29. കണ്ണൂർ സർവ്വകലാശാല ആക്ട് 1996 ലെ Chapter IV - Authorities of the University ൽ Section 19 - Senate ൽ Elected members ൽ (xi) ten members elected by the members of the General Council of the University Union അതിൽ 10 പേരെ സെനറ്റിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. അതിന്റെ നടപടിക്രമങ്ങൾ (University Union Election) പൂർത്തീകരിച്ചു വരുന്നതേയുള്ളൂ എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ.ടി.പി അഷ്റഫ് പറഞ്ഞു

9.30. കഴിഞ്ഞ വർഷം വിദ്യാർത്ഥി പ്രതിനിധികളെ സെനറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല. ഈ വർഷവും കോളേജ് യൂണിയൻ ഇലക്ഷൻ കഴിഞ്ഞ് 3 മാസമായി. സ്വാഭാവികമായി അവർക്ക് ഒരു വർഷം മാത്രമേ കാലാവധിയുള്ളൂ. കോളേജ് യൂണിയൻ ഇലക്ഷൻ കഴിഞ്ഞ ഉടൻ തന്നെ അവരെ തിരഞ്ഞെടുക്കാൻ സംവിധാനം ഏർപ്പെടുത്തിയില്ലെങ്കിൽ വിദ്യാർത്ഥി പ്രതിനിധികളെ സെനറ്റിലേക്കോ, സിൻഡിക്കേറ്റിലേക്കോ എത്തിക്കാൻ കഴിയില്ലെന്നും, അത് വീഴ്ച്ച കൂടാതെ അടിയന്തിരമായി ചെയ്യണമെന്നും ഡോ. സുരേഷ് കുമാർ കെ.എസ് പറഞ്ഞു.

9.31. ഇക്കാര്യം ഉടനെ തന്നെ ചെയ്യുന്നതാണെന്ന് വൈസ് ചാൻസിലർ പറഞ്ഞു.

Q.No. 8

Dr. R.K BIJU

കണ്ണൂർ സർവ്വകലാശാല സ്റ്റാൻഡിങ് കൗൺസിലിന് പകരം കഴിഞ്ഞ രണ്ടു വർഷത്തിനകം ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും യൂണിവേഴ്സിറ്റി എതിർ കക്ഷികളായ പരാതികളിൽ ആരുടെയെല്ലാം കേസുകളിൽ പുറമെനിന്നുള്ള ഏതെല്ലാം അഭിഭാഷകരെ ചുമതലപ്പെടുത്തി?. കേസുകളുടെ നമ്പറും, വിഷയവും അടക്കം ഓരോ അഡ്വക്കേറ്റിനും ഫീസ് ഉൾപ്പെടെയുള്ള ചെലവുകൾക്ക് എത്ര രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്?.

**<u>ഉത്തരം</u> – ഡോ. എ. അശോകൻ** - ശ്രീ. വിജയകുമാർ വി, ഡോ ഷിനോ പി ജോസ് എന്നിവർ ചേർന്ന് സർവ്വകലാശാലയിലെ 72 പഠന ബോർഡുകളുടെ

പുന:സംഘടനയെ ചോദ്യം ചെയ്തു നൽകിയ WA No.1530/2021 അനുവദിച്ച് ഉത്തരവായിട്ടുണ്ട്. WA No.1530/2021 ൽ സർവ്വകലാശാലക്ക് വേണ്ടി ഹാജരാകുന്നതിന്, സർവ്വകലാശാല സ്റ്റാൻഡിംഗ് കൗൺസിലിനു പുറമെ കേരള ഹൈകോടതിയിലെ സീനിയർ അഡ്വക്കേറ്റ് രഞ്ജിത്ത് തമ്പാനെ അഡീഷണൽ അഡ്വക്കേറ്റ് ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത കേസിൽ സർവ്വകലാശാലയ്ക്ക് വേണ്ടി ഹാജരാകുന്നതിനു അഡ്വ. രഞ്ജിത്ത് തമ്പാന് ₹4,00,000/- (നാല് ലക്ഷം രൂപ മാത്രം) വക്കീൽ ഫീസായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസിലർ തസ്തികയിൽ പ്രൊഫ. ഗോപിനാഥ് രവീന്ദ്രന് പുനർനിയമനം അനുവദിച്ചതുമായി ബന്ധപ്പെട്ട Writ Appeal No. 1698/2021 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിനെതിരെ ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ഷിനോ പി ജോസ് എന്നിവർ കണ്ണൂർ സർവ്വകലാശാലയെ എതിർ കക്ഷിയായി ചേർത്തുകൊണ്ട് ബഹു. സുപ്രീം കോടതി മുൻപാകെ ഫയൽ ചെയ്ത Special Leave Petition (Civil) No. 4347 of 2022 കേസിൽ ഹാജരാവുന്നതിനായി സീനിയർ അഡ്വക്കേറ്റ്. ശൈലേഷ് മഡിയൽ-നെ ചുമതലപ്പെടുത്തി 22.07.2022 - ലെ ADMIN/AD-A2/7784/2022 നമ്പർ സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. Special Leave Petition (Civil) No. 4347 of 2022 കേസിൽ ലീഗൽ ഫീസിനത്തിൽ നാളിതു വരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല.

| ക്രമ നമ്പർ | കേസ് നമ്പർ | കേസിന് ആസ്പദമായ വിഷയം | സർവ്വകലാശാലയ്ക്ക് വേണ്ടി ഹാജരായ അഭിഭാഷകന്റെ പേരും പരിഗണിച്ച കോടതിയും | ഫീസ് വിവരങ്ങൾ |
|---|---|---|---|---|
| 1 | SPL(C) No.8097/2022 Filed Against the Judgement of WA 1423/2021 | സർവ്വകലാശാല പഠന വകുപ്പിൽ മുസ്ലീം വിഭാഗത്തിന് സംവരണം ചെയ്തിരിക്കുന്ന അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനത്തിന് കേരളത്തിന് പുറത്തുനിന്നുള്ള ഉദ്യോഗാർത്ഥിയെ പരിഗണിച്ചത് സംബന്ധിച്ച്. | സുപ്രീം കോടതി, Adv.Sanjay Parikh | ₹3,25,000/- അനുവദിച്ചു. |
| 2 | WP(C) 26918/2022* | സർവ്വകലാശാല മലയാളം പഠന വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് തയ്യാറാക്കിയ റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയുടെ യോഗ്യത സംബന്ധിച്ച്. | കേരള ഹൈക്കോടതി Adv. P.Ravindran | ഫീസിനത്തിൽ ₹3,50,000/- അനുവദിക്കുന്നത് പരിഗണനയിലാണ് |

* WP(C) 26918/2022കേസിൽ അഡ്വക്കേറ്റ് പി. രവീന്ദ്രനെ കൂടാതെ കണ്ണൂർ സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസിൽ അഡ്വക്കേറ്റ് ഐ.വി. പ്രമോദും കേരള ഹൈക്കോടതിയിൽ ഹാജരായിട്ടുണ്ട്.

9.32. രണ്ട് ഉപചോദ്യങ്ങൾ ചോദിക്കാനുണ്ടെന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു. ചെയർ അത് അനുവദിച്ചു. നിയമനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല സ്റ്റാൻഡിംങ് കൗൺസിൽ ഉണ്ടായിരിക്കെ പുറത്ത് നിന്ന് ഒരു വക്കീലിനെ ഇത്ര വലിയ തുകയ്ക്ക് ഔട്ട് സോഴ്സ് ചെയ്യേണ്ട ആവശ്യമുണ്ടോ എന്നുള്ളതാണ് ഒന്നാമത്തെ ഉപചോദ്യം. ചാൻസിലറുമായി ബന്ധപ്പെട്ട കേസിൽ അഡ്വ. കൃഷ്ണ കുമാറിന് എത്ര രൂപയാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളത് എന്നതാണ് രണ്ടാമത്തെ ഉപചോദ്യം.

9.33. യൂണിവേഴ്സിറ്റി കാലാകാലങ്ങളിൽ ഒരു കേസുമായി ബന്ധപ്പെട്ട് ഒരു സീനിയർ അഡീഷണൽ അഡ്വക്കേറ്റിനെ എൻഗേജ് ചെയ്യിക്കുന്നത് യൂണിവേഴ്സിറ്റിയുടെ നയപരമായ തീരുമാനങ്ങളുടെ ഭാഗമായിട്ടാണ് വരുന്നത്. അല്ലാതെ ഏകപക്ഷീയമായി എടുക്കുന്ന ഒരു വിഷയമല്ല. മേൽ സൂചിപ്പിച്ച വിഷയത്തിൽ സിൻഡിക്കേറ്റ് തീരുമാനം എടുത്തതേ ഉള്ളൂ എന്നും അത് ഓർഡർ ആയി വരുന്ന മുറയ്ക്ക് അറിയിക്കുന്നതായിരിക്കും എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. എ അശോകൻ പറഞ്ഞു.

Q.No. 9

Dr. SWARUPA R

യൂണിവേഴ്സിറ്റി പരീക്ഷകളിലെ ചോദ്യപേപ്പർ ആവർത്തനവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ അന്വേഷിക്കുന്നതിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ഇത്തരത്തിലുള്ള കമ്മിറ്റികളുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?.

**ഉത്തരം** – 21.04.2022, 22.04.2022 തീയ്യതികളിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്.സി സൈക്കോളജി ബിരുദ പരീക്ഷക്ക് മുൻ വർഷത്തെ ചോദ്യപേപ്പർ ആവർത്തിക്കപ്പെട്ടത് അന്വേഷിക്കുന്നതിന് രൂപീകരിച്ച സമിതിയുടെ കണ്ടെത്തലുകൾ താഴെ പറയുന്നവയാണ്.

1. ചോദ്യപേപ്പർ സെറ്റിങ് ബോർഡ് ചെയർമാൻ, ഒരു പരീക്ഷയുടെ 3 സെറ്റ് ചോദ്യപേപ്പർ തയ്യാറാക്കി നൽകുന്നതിന്റെ ഭാഗമായി ഒരു സെറ്റ് ചോദ്യപേപ്പർ തയ്യാറാക്കി സോഫ്റ്റ് കോപ്പി ആയും പിന്നീട് അത് ഫിസിക്കൽ കോപ്പി ആയും അയച്ചതാണ് മൂന്നാം സെമസ്റ്റർ ബി.എസ്.സി സൈക്കോളജി പരീക്ഷകളുടെ തുടർച്ചയായ സെമസ്റ്ററുകളിൽ ചോദ്യപേപ്പർ ആവർത്തിച്ചതിന്റെ യഥാർത്ഥ കാരണം.

2. ചോദ്യപേപ്പർ അച്ചടി, വിതരണം എന്നിവ രഹസ്യ സ്വഭാവത്തിൽ കൈകാര്യം ചെയ്യുന്നതിനാൽ, മേൽ രേഖപ്പെടുത്തിയത് പ്രകാരം സോഫ്റ്റ് കോപ്പി ആയും പിന്നീട് ഫിസിക്കൽ കോപ്പി ആയും ലഭ്യമാക്കപ്പെടുന്ന രണ്ട് ചോദ്യപേപ്പറും അറിയാതെ ഉപയോഗിക്കപ്പെടുന്നുണ്ട്.

മേൽ അന്വേഷണ സമിതിയുടെ ശിപാർശകൾ താഴെ ചേർക്കുന്നു.

1. ചോദ്യപേപ്പർ പ്രിന്റ് ചെയ്യൽ, വിതരണം എന്നിവ പൂർത്തിയാക്കുന്നതിന് നിലവിലുള്ള സംവിധാനം അടിസ്ഥാനമാക്കി ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ ഇരട്ടിപ്പ് വരുന്നത് കണ്ടെത്തുക എളുപ്പമല്ലാത്തതിനാൽ മേൽ പരീക്ഷയിൽ ചോദ്യപേപ്പർ ആവർത്തിച്ചതിൽ ഏതെങ്കിലും വ്യക്തിയെ കുറ്റക്കാരനായി കാണുന്നത് ഉചിതമല്ല.
2. ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ ഇരട്ടിപ്പ് വരുന്നത് കണ്ടെത്തുന്നതിന് സോഫ്റ്റ് കോപ്പി ആയും പിന്നീട് അത് ഫിസിക്കൽ കോപ്പിയായും ലഭിക്കുന്ന ചോദ്യപേപ്പറുകൾ കുറ്റമറ്റ രീതിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.
3. കോൺഫിഡൻഷ്യൽ സെക്ഷനിലെ പരിചയസമ്പന്നരായ ജീവനക്കാരെ മാറ്റുന്നത് കഴിവതും ഒഴിവാക്കേണ്ടതാണ്. അനിവാര്യമായ ഘട്ടങ്ങളിൽ സ്ഥലം മാറ്റം

അനുവദിക്കുമ്പോൾ പരിചയസമ്പന്നരായ 2 ജീവനക്കാരെയെങ്കിലും നില നിർത്തുന്നത് പരിഗണിക്കേണ്ടതാണ്.

4. കോൺഫിഡൻഷ്യൽ സെക്ഷനിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് പരിഗണിക്കേണ്ടതാണ്.
5. സർവ്വകലാശാല പഠന വകുപ്പുകളിൽ വിജയകരമായി നടപ്പിൽ വരുത്തിയ 'ഓൺലൈൻ ചോദ്യ ബാങ്ക്' രീതി കോളേജ് തല പരീക്ഷകൾക്ക് കൂടി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുന്നു.
6. കോൺഫിഡൻഷ്യൽ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരെ സർവ്വകലാശാലയോടു ഉത്തരവാദിത്വമുള്ളവരാകുന്നതിന് ഒരു പുതിയ സംവിധാനം ഏർപ്പെടുത്തുകയും ഉദ്യോഗസ്ഥർക്ക് അവരുടെ ഉത്തരവാദിത്വം വ്യക്തമാക്കിക്കൊണ്ടുള്ള ജോലിക്രമം നിശ്ചയിച്ച് ഉത്തരവ് നൽകേണ്ടതുമാണ്.

Q.No. 10

Sri. SATHEESAN P K

എല്ലാ വർഷവും നവംബർ ഒന്ന് മലയാള ഭാഷാ ദിനമായി ആചരിക്കുകയും സർവ്വകലാശാലയും വകുപ്പുകളും പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നുണ്ടെങ്കിലും സർവ്വകലാശാലയിൽ നിന്നുള്ള മിക്ക എഴുത്തുകളും, പ്രത്യേകിച്ച് പരീക്ഷാ വിഭാഗമുൾപ്പെടെ ഇപ്പോഴും മലയാളവൽക്കരിച്ചതായി കാണുന്നില്ല. എന്തുകൊണ്ടാണ് സർവ്വകലാശാലയിലെ മലയാളവത്കരണം പൂർണ്ണമായും പ്രായോഗിക തലത്തിൽ കൊണ്ടുവരുവാൻ സാധിക്കാത്തത്?

**<u>ഉത്തരം</u> – ഡോ. വി. ലിസി മാത്യു** - ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും യഥാവിധി സർവ്വകലാശാലയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട സെനറ്റ് (28/12/2021 ലെ ഐറ്റം 15), സിൻഡിക്കേറ്റ് (05/05/2022 ലെ ഐറ്റം 2022.195) തീരുമാനങ്ങളുടെ തുടർച്ചയായി മുഴുവൻ ഫയലുകളും മലയാളത്തിൽ കൈകാര്യം ചെയ്യണമെന്ന നിർദ്ദേശം ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ വിവിധ ബ്രാഞ്ചുകൾ സമർപ്പിക്കുന്ന ഭാഷാ പുരോഗതി റിപ്പോർട്ട് പരിശോധിച്ച് മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ എണ്ണം കുറവ് വന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നോട്ട് ഫയലുകൾ പൂർണ്ണമായും മലയാളത്തിൽ തന്നെ തയ്യാറാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കത്തിടപാടുകൾ/ഉത്തരവുകൾ/അറിയിപ്പുകൾ ഇംഗ്ലീഷിൽ നടത്തേണ്ട സാഹചര്യത്തിലും അത്തരം ഫയലുകളിലെ നോട്ട് ഫയലുകൾ മലയാളത്തിൽ തയ്യാറാക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

Q.No. 11

Dr. SHANOJ M P

സർവ്വകലാശലായിലെ യു.ജി, പി.ജി ബോർഡ് ഓഫ് സ്റ്റഡീസ് പുന:സംഘാടനത്തിന്റെ നിലവിലുള്ള അവസ്ഥ എന്താണ്?.

**<u>ഉത്തരം</u> – ശ്രീ. പ്രമോദ് കുമാർ കെ.വി** - സർവ്വകലാശാലയിലെ യു.ജി, പി.ജി ബോർഡ് ഓഫ് സ്റ്റഡീസ് പുന:സംഘാടനത്തിനായി, സിണ്ടിക്കേറ്റ് ഉപസമിതി തയ്യാറാക്കിയ നാമനിർദ്ദേശപ്പട്ടിക 12/07/2022 തീയ്യതിയിൽ ACAD C/ACAD C3/8508/2019 നമ്പർ കത്ത് പ്രകാരം ബഹു. ചാൻസിലറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. പ്രസ്തുത നാമനിർദ്ദേശപ്പട്ടികയിന്മേൽ ബഹു. ചാൻസിലറുടെ ഓഫീസിൽ നിന്നും 12/09/2022 തീയ്യതിയിലെ GS3 – 462/2022 നമ്പർ കത്ത് പ്രകാരം ചില വിശദീകരണങ്ങൾ ആവശ്യപ്പെടുകയും ആയതിനു നൽകേണ്ട മറുപടിയായി സിണ്ടിക്കേറ്റ് ഉപസമിതി സമർപ്പിച്ച വിശദീകരണങ്ങൾ 28/11/2022 തീയ്യതിയിൽ ACAD C/ACAD C3/8508/2019 നമ്പർ കത്ത് പ്രകാരം ബഹു. ചാൻസിലറുടെ ഓഫീസിലേക്ക് നൽകിയിട്ടുണ്ട്. ബോർഡ് ഓഫ്

സ്റ്റഡീസ് പുന:സംഘടനയ്ക്കുള്ള നാമനിർദ്ദേശ പട്ടിക നിലവിൽ ബഹു. ചാൻസിലറുടെ പരിഗണനയിലാണ്.

9.34. ശ്രീ. ഷാനവാസ് എസ്.എം ഉപചോദ്യം ചോദിച്ചു. യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം അക്കാദമിക് കമ്മ്യൂണിറ്റിയാണ് ഈ സിലബസ് പരിഷ്കരണം നീണ്ടുപോകുന്നതിന്റെ ഭാഗമായി ബുദ്ധിമുട്ടുന്നത്. അടുത്ത അക്കാദമിക് വർഷത്തിൽ പുതിയ പാറ്റേൺ പുതിയ സിലബസ്സ് ഒക്കെ വരേണ്ട ഒരു പശ്ചാത്തലം ഉള്ളതുകൊണ്ട് ഈ വിഷയം വളരെ ഗൗരവ പൂർവ്വം പരിഗണിക്കേണ്ടതാണ്.

9.35. ബോർഡ് ഓഫ് സ്റ്റഡീസ് പുന:സംഘടന വൈകുന്നത് വളരെ ദൗർഭാഗ്യകരമായിട്ടുള്ള കാര്യമാണ്. സർവ്വകലാശായുടെ അക്കാദമിക് പ്രവർത്തനങ്ങളെ അത് വല്ലാതെ ബാധിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കഴിഞ്ഞ സിൻഡിക്കേറ്റിൽ നമ്മുടെ പി.ജി. റിവിഷനുമായി ബന്ധപ്പെട്ട് കൊണ്ട് അനിശ്ചിതാവസ്ത തുടരുകയാണ്. അതുകൊണ്ട് ബോർഡ് ഓഫ് സ്റ്റഡീസ് പുന: സംഘടന നിർവ്വഹിക്കുന്നതിനാവശ്യമായ ബദൽ സംവിധാനങ്ങളെ കുറിച്ചിട്ടും സർവ്വകലാശാലയ്ക്ക് ആലോചിക്കേണ്ട സാഹചര്യം വന്നിട്ടുണ്ട് എന്നുകൂടി അനുബന്ധമായി കൂട്ടിച്ചേർക്കുന്നു എന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു.

9.36. അടുത്ത വർഷം 4 വർഷ ബിരുദ കോഴ്സുകൾ സർക്കാർ തന്നെ നിലവിൽ തീരുമാനം എടുത്തിരിക്കുന്ന സാഹചര്യത്തിൽ പഠന ബോർഡുകൾ നിലവിലില്ലെങ്കിൽ അടുത്ത വർഷം നമ്മുടെ സർവ്വകലാശാല ഏത് തലത്തിലാണ് കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത് എന്ന് ഡോ. ആർ.കെ. ബിജു ഉപചോദ്യം ഉന്നയിച്ചു.

9.37. പഠന ബോർഡുകൾ ഇല്ലാത്തതുകൊണ്ട് സിലബസ് പരിഷ്കരണത്തിൽ മാത്രമല്ല നിയമനങ്ങളിലും വലിയ പ്രശ്നങ്ങൾ ഉണ്ടെന്നും സർക്കാർ തന്നിരിക്കുന്ന തസ്തികകളിലൊന്നും നിയമനം നടത്താൻ കഴിയുന്നില്ലെന്നും ബഹു. വൈസ് ചാൻസിലർ അറിയിച്ചു.

9.38. പ്രശ്നങ്ങൾ ഉണ്ടാകുന്നത് ഒരു വിഭാഗം അധ്യാപകരെ അത്തരത്തിൽ ബോർഡ് ഓഫ് സ്റ്റഡീസിലേക്ക് നോമിനേറ്റ് ചെയ്യാൻ സർവ്വകലാശാല ശ്രമിക്കുന്നത് കൊണ്ടാണ് എന്നും അവിടെ ഒരു ജനാധിപത്യ ശൈലി വരികയാണെങ്കിൽ ഈ പ്രശ്നങ്ങൾ ഒന്നും ഇണ്ടാകില്ല എന്നും ഡോ. ആർ.കെ. ബിജു പറഞ്ഞു.

9.39. ചോദ്യവും അതിന് ഉത്തരവുമല്ലാതെ അംഗങ്ങൾക്ക് പ്രസ്താവന നടത്താൻ കഴിയില്ലെന്ന് ശ്രീ. സാജു പി.ജെ പറഞ്ഞു.

Q.No. 12

Dr. R.K BIJU

22.09.2021 ലെ Acad B2/23389/2019 നമ്പർ സർവ്വകലാശാല വിജ്ഞാപന പ്രകാരം സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻഡ് സ്പോർട്സ് സയൻസ് വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് എത്ര അപേക്ഷകൾ ഉണ്ടായിരുന്നു?. അപേക്ഷകർ ഉണ്ടായിരുന്നെങ്കിൽ അവരെ ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നോ?. ഷോർട്ട് ലിസ്റ്റ് ചെയ്തില്ല എങ്കിൽ ഏതു കാരണം ചൂണ്ടികാണിച്ചു കൊണ്ടാണ്അപേക്ഷകർക്ക് യോഗ്യത ഇല്ല എന്ന തീരുമാനത്തിലേക്ക് സ്ക്രീനിംഗ് കമ്മിറ്റി എത്തിചേർന്നത്?.

**<u>ഉത്തരം</u> – പ്രൊഫ.(ഡോ.) പ്രസാദൻ പി.കെ** - UGC Regulations പ്രകാരം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് Ph.D Degree, 55% മാർക്കോടുകൂടിയ PG ബിരുദം, അസിസ്റ്റന്റ് പ്രൊഫസർക്ക് തത്തുല്യമായ അക്കാദമിക്/റിസർച്ച് തസ്തികയിൽ 8 വർഷത്തെ അദ്ധ്യാപന/ഗവേഷണ പരിച

യം, Peer-reviewed or UGC listed Journals ൽ കുറഞ്ഞത് 7 പ്രസിദ്ധീകരണങ്ങൾ, റിസർച്ച് സ്കോർ 75 എന്നിവ യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.

22/09/2021 ന് പുറപ്പെടുവിച്ച Acad B2/23389/2019 നമ്പർ സർവ്വകലാശാല വിജ്ഞാപന പ്രകാരം സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻഡ് സ്പോർട്സ് സയൻസ് പഠന വകുപ്പിൽ SIUC-NADAR വിഭാഗത്തിന് സംവരണം ചെയ്ത അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് Jelastin D Prabhu (ആപ്ലിക്കേഷൻ നമ്പർ 12101) എന്ന ഉദ്യോഗാർത്ഥി മാത്രമാണ് അപേക്ഷ സമർപ്പിച്ചത്. Jelastin D Prabhu വിനെ ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നില്ല. UGC Regulations പ്രകാരം നിശ്ചയിച്ച അടിസ്ഥാന യോഗ്യതയായ NET, Jelastin D Prabhu കൈവരിച്ചിട്ടില്ല. Jelastin D Prabhu 08/07/2017 നു Ph.D യോഗ്യത കൈവരിച്ചിട്ടുണ്ട്. അടിസ്ഥാന യോഗ്യതയായ Ph.D നേടിയതിനു ശേഷം എട്ട് വർഷത്തെ അദ്ധ്യാപന പരിചയം Jelastin D Prabhu കൈവരിച്ചിട്ടില്ല എന്ന കാരണം രേഖപ്പെടുത്തിയാണ് പ്രസ്തുത അപേക്ഷ സ്ക്രീനിംഗ് കമ്മിറ്റി നിരസിച്ചത്.

9.40. നിലവിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് Ph.D Degree, 55% മാർക്കോടുകൂടിയ PG ബിരുദം, അസിസ്റ്റന്റ് പ്രൊഫസർക്ക് തത്തുല്യമായ അക്കാദമിക്/റിസർച്ച് തസ്തികയിൽ 8 വർഷത്തെ അദ്ധ്യാപന/ഗവേഷണ പരിചയം, Peer-reviewed or UGC listed Journals ൽ കുറഞ്ഞത് 7 പ്രസിദ്ധീകരണങ്ങൾ, റിസർച്ച് സ്കോർ 75 എന്നീ യോഗ്യതയില്ലാതെ നിയമനം നൽകിയ അദ്ധ്യാപകരെ ശ്രദ്ധയിൽ പെട്ടുകഴിഞ്ഞാൽ അവർക്കെതിരെ നടപടി എടുക്കുമോ എന്ന് ഡോ. ആർ.കെ. ബിജു ഉപചോദ്യം ഉന്നയിച്ചു.

9.41. ഉപചോദ്യത്തിൽ തന്നെ അതിന്റെ ഉത്തരം വ്യക്തമാണെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. പ്രസാദൻ പി.കെ മറുപടി നൽകി.

9.42. ഈ പ്രശ്നം ശ്രദ്ധയിൽ പെട്ടതു കൊണ്ടാണ് ഈ ചോദ്യം ചോദിച്ചതെന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു. 2019 ൽ Ph.D നേടിയ ആളെ 2021 ൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ ഇന്റർവ്യൂവിന് വിളിച്ചിട്ടുണ്ട്. 2 വർഷം പോലും യോഗ്യതയില്ലാത്ത ആളുകളെയാണ് ഇന്റർവ്യൂവിന് വിളിച്ചത് എന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

9.43. അവരൊക്കെ NET യോഗ്യതയുള്ളവരായിരുന്നു എന്ന് പ്രോ. വൈസ് ചാൻസിലർ പറഞ്ഞു.

9.44. ഫിസിക്കൽ എഡ്യുക്കേഷനിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നടത്തിയ നിയമനവുമായി ബന്ധപ്പെട്ടതാണ് ഈ ചോദ്യമെന്ന് എന്ന് ശ്രീ. സാജു പി.ജെ പറഞ്ഞു.

9.45. ഇതുമായി ബന്ധപ്പെട്ട് നാലോളം RTI ചോദിച്ചിരുന്നെങ്കിലും ഈ സെനറ്റിൽ മാത്രമാണ് കൃത്യമായ മറുപടി ലഭിച്ചിരിക്കുന്നു എന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

9.46. ചോദ്യത്തിന്റെ ഉത്തരം വളരെ വ്യക്തമാണെന്ന് ചെയർ പറഞ്ഞു.

Q.No. 13

Dr. SHANOJ M P

മുഴുവൻ അദ്ധ്യാപകരേയും ഉൾപ്പെടുത്തി വിഷയാടിസ്ഥാനത്തിൽ പരിശീലന ക്ലാസ്സുകൾ നൽകാനും ശില്പശാലകൾ സംഘടിപ്പിച്ച് ചോദ്യങ്ങൾ തയ്യാറാക്കാനുമുള്ള വിപുലമായ സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ ക്വസ്റ്റ്യൻ ബാങ്കിന്റെ പ്രവർത്തനം വിജയിക്കുകയുള്ളൂ എന്നും എല്ലാ അദ്ധ്യാപകരുടേയും സേവനം പ്രയോജനപ്പെടുത്തി ക്വസ്റ്റ്യൻ ബാങ്ക് കാര്യക്ഷമമായി പ്രാവർത്തികമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണമെന്നും കഴിഞ്ഞ

സെനറ്റിൽ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. എങ്കിലും എല്ലാ അദ്ധ്യാപകരേയും ഉൾപ്പെടുത്തിയ ശില്പശാല നടത്തിയിട്ടില്ല. സെനറ്റ് പ്രമേയം അംഗീകരിച്ച് പാസ്സാക്കിയിട്ടുള്ള വിഷയത്തിൽ തുടർനടപടികൾ ഇല്ലാത്തത് എന്തുകൊണ്ട്?.

**ഉത്തരം – ഡോ. കെ. ശ്രീജിത്ത്** - സെനറ്റ് പാസ്സാക്കുന്ന പ്രമേയങ്ങൾ സിൻഡിക്കേറ്റിന്റെ അംഗീകാരം നേടേണ്ടതുണ്ട്. IQAC - 16/09/2022 തീയ്യതിയിലെ സെനറ്റ് യോഗത്തിന്റെ മൂന്നാം നമ്പർ പ്രമേയം 20/12/2022 ന് നടന്ന സിണ്ടിക്കേറ്റ് യോഗത്തിൽ വരികയും 2022.644 നമ്പർ ഐറ്റം ആയി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

9.47. നേരത്തെ ബോർഡ് ഓഫ് സ്റ്റഡീസിനെ കുറിച്ച് പറഞ്ഞത് പോലെ തന്നെ അക്കാദമിക് കമ്മ്യൂണിറ്റിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ് ഈ ക്വസ്റ്റ്യൻ ബാങ്കിന്റെ പരിശീലനം. ഇത് വളരെ പെട്ടെന്ന് തീരുമാനം എടുത്ത് നടപ്പിലാക്കാവുന്ന ഒരു പദ്ധതി ആയിട്ടു കൂടി കഴിഞ്ഞ ജൂൺ മാസത്തിൽ തുടങ്ങി ഡിസംബർ മാസം വരെ എത്തിയിട്ടും ഈ ഒരു പരിപാടിയെക്കുറിച്ചുള്ള തീരുമാനം എത്തുന്നില്ല എന്നത് എന്തുകൊണ്ടാണ് എന്ന് ഡോ. ഷനോജ് എം.പി ചോദിച്ചു.

9.48. ജനുവരി മാസം മുതൽ റെഗുലറായി നടത്താൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വൈസ് ചാൻസിലർ പറഞ്ഞു.

9.49. നിലവിൽ പലവിഷയങ്ങളിലും ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കികൊണ്ടിരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. പക്ഷെ കണ്ണൂർ സർവ്വകലാശാലയിലെ മുഴുവൻ അദ്ധ്യാപകരേയും ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരത്തിൽ ഒരു ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കുവാൻ വേണ്ടി സർവ്വകലാശാല തയ്യാറാവാത്തത് എന്തുകൊണ്ടാണ്. കുറച്ച് അദ്ധ്യാപകരെ മാത്രം ഉൾപ്പെടുത്തി പല വാട്സാപ്പ് ഗ്രൂപ്പുകളും ക്രീയേറ്റ് ചെയ്ത് തയ്യാറാക്കുന്നതായിട്ടാണ് ശ്രദ്ധയിൽപ്പെട്ടത്. അതുകൊണ്ടാണ് ഇത്തരം ഒരു ചോദ്യം ഉന്നയിക്കുന്നത് എന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

9.50. ഏത് അദ്ധ്യാപകനും താൽപര്യമുണ്ടെങ്കിൽ ഇതിന്റെ ഭാഗമാകാമെന്ന് വൈസ് ചാൻസിലർ പറഞ്ഞു.

9.51. ബഹു. പ്രൊ വൈസ് ചാൻസിലർ അദ്ധ്യക്ഷൻ/അഡ്മിൻ ആയിട്ടുള്ള വാട്സാപ്പ് ഗ്രൂപ്പുകളും നിലവിലുണ്ട്. അതിനകത്തേക്ക് മുഴുവൻ അദ്ധ്യാപകരേയും അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി അദ്ധ്യാപകരെയും ഉൾപ്പെടുത്താൻ വേണ്ടി തയ്യാറാവുന്നില്ലെന്നും അല്ലെങ്കിൽ ഡിസ്കഷൻ നടക്കുന്നില്ല എന്നതും ശ്രദ്ധയിൽ പെട്ടതുകൊണ്ടാണ് ചോദിക്കുന്നതെന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

9.52. ഒരു മാസ്സ് അസംബ്ലിയിൽ എല്ലാകാര്യങ്ങളും പലപ്പോഴും നമുക്ക് തീരുമാനിക്കാൻ കഴിയില്ല. അതിന് കോർ കമ്മിറ്റികൾ ഉണ്ട്. അതിനുള്ള കോർ കമ്മിറ്റികളുടെ മീറ്റിങ്ങുകൾ പിരിയോഡിക്കൽ ആയി നടന്നു കൊണ്ടിരിക്കുന്നു. കോർ കമ്മിറ്റികളല്ല ചോദ്യങ്ങൾ ചോദ്യ ബാങ്കിൽ നൽകുന്നത്. അവർക്ക് പരിശീലനം കിട്ടിക്കഴിഞ്ഞാൽ വിശദമായി സബ്ജക്റ്റ് വൈസ് എല്ലാ അദ്ധ്യാപകരേയും വിളിച്ചു ചേർത്തുകൊണ്ട് വർക്ക് ഷോപ്പ് നടത്തുമെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു.

9.53. കോർ കമ്മിറ്റി എങ്ങനെയാണ് രൂപപ്പെടുന്നത് എന്ന ആശങ്കയുണ്ടെന്ന് ഡോ. ആർ.കെ. ബിജു പറഞ്ഞു.

9.54. ഇത്രയും അദ്ധ്യാപകർ ഉള്ളപ്പോൾ കോർ കമ്മിറ്റി വേണ്ടിവരും എന്ന് വൈസ് ചാൻസിലർ പറഞ്ഞു.

Q.No. 14
Sri. SETHUMADHAVAN T

വിദ്യാഭ്യാസത്തിന്റെ ആനുകൂല്യം സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് യൂണിവേഴ്സിറ്റി ഇതുവരെ കൈക്കൊണ്ടിട്ടുള്ളത്?.

**<u>ഉത്തരം</u> – ശ്രീമതി. എം. ശ്രീലേഖ** - സർക്കാർ അനുവദിക്കുന്ന സീറ്റ് സംവരണാനുകൂല്യങ്ങളും ഫീസുകൾ സംബന്ധിച്ചുള്ള ആനുകൂല്യങ്ങളും സർവ്വകലാശാല വിദ്യാർത്ഥികൾക്ക് നൽകി വരുന്നുണ്ട്.

വിദ്യാഭ്യാസത്തിന്റെ ആനുകൂല്യം സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സർവ്വകലാശാല വിദ്യാർത്ഥിക്ഷേമ വിഭാഗത്തിന്റെ/എൻ.എസ്.എസ് സെല്ലിന്റെ ഭാഗത്തുനിന്ന് കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

1. ഭവന രഹിതർക്ക് വീട്, പച്ചക്കറിത്തോട്ടം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, രക്തദാനം, പാലിയേറ്റീവ് കെയർ, ഇ-മാലിന്യ സംസ്കരണം, ജൈവ വൈവിധ്യ പാർക്ക്, മഴ വെള്ള സംഭരണം, നദീതീരങ്ങൾ, കനാലുകൾ, പൊതു ഇടങ്ങൾ എന്നിവ വൃത്തിയാക്കുക, കക്കൂസുകളുടെ നിർമ്മാണം, ഗ്രാമങ്ങൾ ദത്തെടുക്കൽ തുടങ്ങിയ വിവിധ പരിപാടികൾ കണ്ണൂർ സർവ്വകലാശാല എൻ.എസ്.എസ്. സെല്ലിന്റെ കീഴിൽ എൻ.എസ്.എസ് യൂണിറ്റുകൾ നടത്തിവരുന്നുണ്ട്.
2. 2020-21 കാലയളവിൽ പ്ലാസ്റ്റിക് വിമുക്ത ജൈവ വൈവിധ്യത്തിനായുള്ള ഉർവ്വരം പദ്ധതി കണ്ണൂർ സർവ്വകലാശാല എൻ.എസ്.എസ് സെൽ വിജയകരമായി നടത്തിവരുന്നു.
3. ഹരിതകേരളം പദ്ധതി, ജൈവം പദ്ധതി, ഏക് ഭാരത് ശ്രേഷ്ഠ ഭാരത് (EBSB) ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ്, കണ്ണൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പുമായിട്ട് ബന്ധപ്പെട്ട 'SVEEP' എന്നീ പദ്ധതികളുടെ കീഴിൽ വിവിധ പ്രവർത്തനങ്ങൾ സർവ്വകലാശാല എൻ.എസ്.എസ് സെൽ നടത്തിവരുന്നു.
4. കണ്ണൂർ സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ പ്രദേശങ്ങളിലെ ചരിത്ര ശേഷിപ്പുകൾ ശേഖരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി അതത് പ്രാദേശിക ഭരണ സംവിധാനങ്ങളുടെ സഹായത്തോടെ കണ്ണൂർ സർവ്വകലാശാല ഹെറിറ്റേജ് പ്രൊജക്ട് എന്ന പദ്ധതി സർവ്വകലാശാല എൻ.എസ്.എസ് സെൽ തുടങ്ങിയിട്ടുണ്ട്.
5. കോവിഡ് 19 അതിജീവന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടത്തിക്കൊണ്ടുപോകാൻ COVID WARRIERS എന്ന പേരിൽ എൻ.എസ്.എസ്. വോളന്റീയർമാരുടെ ഒരു കൂട്ടായ്മ സർവ്വകലാശാല എൻ.എസ്.എസ്. സെല്ലിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്.
6. നാട്ടുമാവുകളുടെ സംരക്ഷണത്തിനായി നാട്ടുമാഞ്ചോട്ടിൽ കൂട്ടായ്മയുമായി ചേർന്ന് ചെറുമാന്തോപ്പ് എന്ന പദ്ധതിയും സർവ്വകലാശാല എൻ.എസ്.എസ് സെൽ തുടങ്ങിയിട്ടുണ്ട്.
7. പ്രകൃതി ദുരന്തങ്ങളിൽ സഹായമെത്തിക്കുക, പ്രകൃതി ദുരന്തങ്ങളിൽ ഇരയായവരുടെ അതിജീവന പ്രവർത്തനങ്ങളിൽ ഭാഗവാക്കാവുക എന്നീ ലക്ഷ്യങ്ങളോടെ സാമൂഹിക സന്നദ്ധസേന എന്ന പേരിൽ എൻ.എസ്.എസ് വോളന്റീയർമാരുടെ ഒരു കൂട്ടായ്മ സർവ്വകലാശാല എൻ.എസ്.എസ് സെല്ലിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

9.55. തന്നിരിക്കുന്ന മറുപടിയിൽ 'N.S.S, SVEEP' മുതലായ പദ്ധതി പ്രകാരം ചെയ്ത കാര്യങ്ങളെക്കുറിച്ച് മാത്രമേ പറഞ്ഞിട്ടുള്ളൂ. ആദിവാസി, ദളിത് വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളുടെ പ്രസക്തി മനസ്സിലാക്കി മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി എന്ത് നടപടിയാണ് യൂണിവേഴ്സിറ്റി ചെയ്തിട്ടുള്ളത് എന്നാണ് ഞാൻ ഉദ്ദേശിച്ചത്. തന്നിരിക്കുന്ന ഉത്തരം പൂർണ്ണമായും ശരിയല്ല എന്ന് ശ്രീ. സേതുമാധവൻ ടി പറഞ്ഞു. അധസ്ഥിത വർഗ്ഗത്തിനെ മുൻനിരയിലേക്ക് കൊണ്ടുവരാൻ അവർക്ക് വിദ്യാഭ്യാസത്തിന്റെ പ്രസക്തി മനസ്സിലാക്കി അവരെ മുൻനിരയിലേക്ക് കൊണ്ടുവരാൻ എന്ത് തരത്തിലുള്ള പ്രവർത്തിയാണ് സർവ്വകലാശാല കൈക്കൊണ്ടിട്ടുള്ളത് എന്നതാണ് ചോദ്യമെന്ന് ശ്രീ. സേതുമാധവൻ ടി കൂട്ടിച്ചേർത്തു.

9.56. വയനാട് ജില്ലയിലെ 5 പഞ്ചായത്തുകളിൽ ഉന്നത ഭാരത് അഭിയാൻ നടപ്പിലാക്കിയിട്ടുണ്ട്. പലസ്ഥലങ്ങളിലും പ്രൈവറ്റ് കോളേജുകളെ എൻ.എസ്.എസ് യൂണിറ്റുകൾ ഏറ്റെടുത്തിട്ടുണ്ട് പുരോഗമന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

Q.No. 15

Dr. ISMAIL OLAYIKKARA

യൂണിവേഴ്സിറ്റി പൊതു സമൂഹത്തിന് കൂടി പ്രയോജനപ്പെടുന്ന വിധത്തിൽ സെമിനാറുകളും ശാസ്ത്രമേളയും മറ്റും സംഘടിപ്പിക്കണമെന്ന് മുൻസെനറ്റ് യോഗങ്ങളിൽ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ഇതിൽ എന്തൊക്കെ നടപ്പിലാക്കിയിട്ടുണ്ട്?. ഇല്ലെങ്കിൽ എന്തുകൊണ്ട്?.

**ഉത്തരം – ഡോ. കെ.ടി.ചന്ദ്രമോഹനൻ** - സർവ്വകലാശാലയിലെ Internal Quality Assurance Cell (IQAC) പഠന വകുപ്പുകളും മറ്റുമായി സഹകരിച്ച് പൊതു സമൂഹത്തിനു കൂടി പ്രയോജനപ്പെടന്ന വിധത്തിൽ സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്. ഇതിന്റെ ഭാഗമായി Research & Development Cell മായി ചേർന്ന് ദേശിയ അന്തർദേശീയ രംഗത്ത് പ്രശസ്തരായ അക്കാഡമീഷ്യന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് 2022 ജൂലൈ 12 മുതൽ 23 വരെ താവക്കര ക്യാമ്പസിൽ വെച്ച് ഒരു Public Lecture Programme നടത്തി.

സിൻഡിക്കേറ്റിന്റെ 26/10/2019 ലെ 2019.674 നമ്പർ തീരുമാനം, 20/01/2020 ലെ 2020.047 തീരുമാനം എന്നിവ അനുസരിച്ച് തളിപ്പറമ്പ് സർ സയ്യിദ് കോളേജുമായി സഹകരിച്ച് ഒരു സയൻസ് ഫെസ്റ്റ് നടത്താൻ തീരുമാനമായിരുന്നു. പരിപാടിയുടെ നടത്തിപ്പിലേക്കായി 1,50,000/- രൂപ മുൻകൂറായി അനുവദിക്കാൻ ഉത്തരവായിരുന്നു. പിന്നീട് ചില സാങ്കേതിക കാരണങ്ങളാൽ പരിപാടി നടത്തേണ്ടെന്ന് തീരുമാനിച്ചതായി സംഘാടകർ അറിയിക്കുകയും അതിനെ തുടർന്ന് ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ നിർത്തി വെക്കുകയും ചെയ്തു.

9.57. കഴിഞ്ഞ 2 വർഷമായി കോവിഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ വളരെ കൃത്യമായിട്ടു തന്നെ സയൻസ് ഫെസ്റ്റ്, ലിറ്ററസി അതുപോലെ സോഷ്യൽ സബ്ജറ്റുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഫെസ്റ്റ് ഉൾപ്പെടുത്തികൊണ്ട് ഇത്തരം ഒരു പരിപാടി നടത്താൻ വേണ്ടി 5,00,000/- രൂപ വകയിരുത്തിയിട്ടുണ്ട് എന്ന കാര്യം കൂടി ഇവിടെ സൂചിപ്പിക്കുകയാണ് എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ പറഞ്ഞു.

9.58. 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്ന് ഇവിടെ പറയുകയുണ്ടായി. മറ്റ് കോളേജുകൾ ഇത്തരത്തിൽ സയൻസ് ഫെസ്റ്റോ മറ്റ് പരിപാടികളോ സംഘടിപ്പിക്കാൻ തയ്യാറായി മുന്നോട്ട് വന്നാൽ ഇത്തരത്തിൽ തുക അനുവദിക്കാൻ തയ്യാറാണോ എന്ന് ഡോ. ആർ.കെ ബിജു ചോദിച്ചു.

9.59. തുക മാറ്റി വെച്ചത് ഏതെങ്കിലും ഒരു കോളേജിന്റെ പരിപാടിക്ക് വേണ്ടിയല്ല. അത് നമുക്ക് വിജയകരമായി നടത്താൻ സാധിക്കും എന്നത് ചർച്ചകളുടെ അടിസ്ഥാനത്തിൽ നമുക്ക് തീരുമാനിക്കാവുന്നതാണ് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ പറഞ്ഞു.

9.60. സർവ്വകലാശാല ഫണ്ട്, കോളേജുകൾക്ക് സർവ്വകലാശാലയുമായി ചേർന്ന് നടത്താൻ പറ്റുന്ന ഒരു ഓപ്പർച്യൂണിറ്റി ആണല്ലോ. മൊത്തത്തിലുള്ള വിഷയമായതുകൊണ്ടാണ് ഈ വിഷയം ഉന്നയിച്ചത് എന്ന് ഡോ. ആർ.കെ. ബിജു പറഞ്ഞു.

Q.No. 16

Dr. SURESH KUMAR K S

അഡ്മിഷൻ പൂർത്തീകരിച്ചപ്പോൾ വിവിധ കോളേജുകളിൽ ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഈ സാഹചര്യത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ഇതിനു പിന്നിലെ കാരണങ്ങളെക്കുറിപ്പുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ?.

പുതിയ കോളേജുകളും പ്രോഗ്രാമുകളും ആരംഭിക്കുമ്പോൾ അതിന്റെ അഡ്മിഷൻ സാധ്യതകളെപ്പറ്റി ശാസ്ത്രീയ പഠനമോ അന്വേഷണമോ നടത്തിയിട്ടാണോ യൂണിവേഴ്സിറ്റി തീരുമാനം കൈക്കൊള്ളുന്നത്?.

**<u>ഉത്തരം</u> – ഡോ. ടി.പി. അഷ്റഫ്** - പുതിയ കോളേജുകളും കോഴ്സുകളും ആരംഭിക്കുവാനുള്ള അപേക്ഷകൾ ലഭിക്കുന്ന സാഹചര്യത്തിൽ കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പ്രാഥമിക അന്വേഷണത്തിനായി സിണ്ടിക്കേറ്റ് മെമ്പർമാർ അടങ്ങുന്ന ഇൻസ്പെക്ഷൻ കമ്മീഷൻ പ്രസ്തുത കോളേജ്/കോഴ്സ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം, കോളേജ്, കോഴ്സ് സാധ്യതകൾ, മറ്റ് സാഹചര്യങ്ങൾ എന്നിവ വിശദമായി വിലയിരുത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട് സിണ്ടിക്കേറ്റ് അംഗീകരിച്ചതിനുശേഷമാണ് പുതിയ കോളേജ്/ കോഴ്സുകൾ സർക്കാരിലേക്ക് അനുമതിക്കായി ശുപാർശ ചെയ്യുന്നത്.

പ്രസ്തുത കോളേജ്/കോഴ്സിന് സർക്കാർ അനുമതി ലഭിച്ച ശേഷം അതാത് വിഷയങ്ങളിലെ വിദഗ്ദർ, സിണ്ടിക്കേറ്റ് അംഗങ്ങൾ അടങ്ങുന്ന ഇൻസ്പെക്ഷൻ കമ്മീഷൻ പ്രസ്തുത സ്ഥലം, കോളേജ്, കോഴ്സുകൾ ആവശ്യമായ മറ്റ് ഭൗതിക സാഹചര്യങ്ങൾ, മറ്റ് സാധ്യതകൾ എന്നിവ വീണ്ടും വിലയിരുത്തിയതിന് ശേഷം റിപ്പോർട്ട് സമർപ്പിക്കുകയും, പ്രസ്തുത റിപ്പോർട്ട് സിണ്ടിക്കേറ്റ് അംഗീകരിക്കുകയും ചെയ്തതിനു ശേഷമാണ് പുതിയ കോളേജുകൾ/ കോഴ്സുകൾക്ക് സർവ്വകലാശാല അഫിലിയേഷൻ നൽകിവരുന്നത്. സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിന്റെ പിന്നിലെ കാരണങ്ങളെ കുറിച്ച് അന്വേഷണങ്ങൾ നടത്തിയിട്ടില്ല.

9.61. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആശങ്ക മറ്റ് അംഗങ്ങളും ഉന്നയിച്ചത് തന്നെയാണ്. നമ്മുടെ സർവ്വകലാശാലയിൽ മാത്രമല്ല ലോകത്ത് ആകെയുള്ള ട്രെൻഡ് ആണ്. ഫോബ്സ് മാസികയിൽ അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ തന്നെ 10 % സീറ്റ് ഓരോ വർഷവും ടെയ്ക്കേഴ്സ് ഇല്ലാത്ത അവസ്ഥയുണ്ട്. ഡൽഹി യൂണിവേഴ്സിറ്റിയിലും ഇതേ അവസ്ഥ തന്നെയാണുള്ളത്. ഇന്ത്യയിലാകമാനവും ഉള്ള അവസ്ഥ തന്നെയാണിത്. അക്കാദമിക് കൗൺസിലിൽ ഇതിനെക്കുറിച്ച് ബഹു. വൈസ് ചാൻസിലറുടെ നേതൃത്വത്തിൽ ഒരു അനൗപചാരിക ചർച്ച നടത്തിയിരുന്നു. വിദ്യാർത്ഥികൾ കുറയാനുള്ള കാരണത്തെക്കുറിച്ച് എല്ലാതലത്തിലും ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. ജോബ് ഓപ്പർച്യൂണിറ്റിയുമായി ബന്ധപ്പെട്ട ഹയർ എജ്യുക്കേഷന്റെ വേർത്ത് വളരെ കുറയുന്ന ഒരവസ്ഥ ഉണ്ടായിട്ടുണ്ട്. മൾട്ടിപ്പിൾ മൊഡാലിറ്റിസിന്റെ ഈക്വൽ വെയിറ്റേജ് വന്നപ്പോൾ ഓൺലൈൻ, ഓഫ് ലൈൻ എല്ലാം ഇപ്പോൾ ഈക്വൽ ആണ്. അതുകൊണ്ടു തന്നെ കുട്ടികൾ അത്തരം കോഴ്സുകളുടെ പിറകെ പോകുന്ന അവസ്ഥയുണ്ട്. എന്തായാലും അതിനെക്കുറിച്ച് ഗൗരവപരമായ ഒരു പഠനം യൂണിവേഴ്സിറ്റി ആരംഭിച്ചിട്ടുണ്ട്. നമ്മുടെ സ്റ്റാറ്റ്യൂട്ട്, ആക്ട് അനുസരിച്ച് ഒരു ജ്യോഗ്രഫിക്കൽ മാപ്പിങ്ങോ, കോഴ്സ് മാപ്പിങ്ങോ ഇല്ല. ഒരു കോളേജിലുള്ള കോഴ്സ് തൊട്ടടുത്ത കോളേജിൽ ഉണ്ടെങ്കിൽ അത് കൊടുക്കരുതെന്ന് നിലവിലെ നിയമത്തിൽ ഇല്ല. എന്നാൽ നിയമം സർക്കാർ മാറ്റുമ്പോൾ ഇതെല്ലാം ഉൾപ്പെടുത്തിയാണ് വരുന്നത്. പുതിയ കോമൺ ആയ ആക്ടും സ്റ്റാറ്റ്യൂട്ടും വരുമ്പോൾ അതെല്ലാം ഉൾക്കൊണ്ടുകൊണ്ടുള്ള ഭേദഗതികളാണ് ഉണ്ടാവുക എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി.പി അഷ്റഫ് പറഞ്ഞു.

Q.No. 17
Dr. R.K BIJU

2022-2023 അക്കാദമിക വർഷത്തെ ഒന്നാം വർഷ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ആകെ എത്ര സീറ്റുകൾ ഒഴിവുണ്ടായിട്ടുണ്ട്?. കോളേജ് അടിസ്ഥാനത്തിൽ വിവിധ കോഴ്സുകൾക്ക് സീറ്റ് മെട്രിക്സ് തിരിച്ചുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുക.

**<u>ഉത്തരം</u>** – ബിരുദ പ്രോഗ്രാമുകൾക്ക് ആകെ 6815 സീറ്റുകളും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 1057 സീറ്റുകളും ഒഴിവായിട്ടുണ്ട്.കോളേജ് അടിസ്ഥാനത്തിൽ സീറ്റ് മെട്രിക്സ് തിരിച്ചുള്ള ഒഴിവുകളുടെ ക്രോഡീകരിച്ച വിവരങ്ങൾ സർവ്വകലാശാലയിൽ ലഭ്യമല്ലാത്തതിനാൽ അതാത് കോളേജുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു വരുന്നു.

## UG ADMISSION – AFFILIATED COLLEGES – 2022-23 ACADEMIC YEAR

| College Type | Total Sanctioned (Including (EWS & PWD) | Admitted | Vacancy | Additionally created (SAI, Laksadweep) |
|---|---|---|---|---|
| Govt | 2790 | 2565 | 253 | 28 |
| Aided | 5503 | 4871 | 659 | 27 |
| Self financing | 14875 | 8996 | 5903 | 24 |

## PG ADMISSION – AFFILIATED COLLEGES – 2022-23 ACADEMIC YEAR

| College Type | Total Sanctioned (Including (EWS & PWD) | Admitted | Vacancy |
|---|---|---|---|
| Govt | 627 | 598 | 29 |
| Aided | 735 | 683 | 52 |
| Self financing | 1664 | 702 | 962 |

## Seat details in University Departments

| Sl.No | Programme | Max. No. of seats | Admitted Students | Vacant Seats |
|---|---|---|---|---|
| 1 | Master of Library and Information Science | 26 | 27 | -- |
| 2 | Master of Computer Application-Department | 35 | 36 | -- |
| 3 | M.A Journalism and Mass Communication | 26 | 28 | -- |
| 4 | M.A English | 35 | 35 | -- |
| 5 | M.A Anthropology | 22 | 23 | -- |
| 6 | M.Sc Microbiology | 13 | 14 | -- |
| 7 | M.A Economics | 26 | 26 | -- |
| 8 | LLM - Palayad | 20 | 13 | 7 |
| 9 | M.Sc Mathematics | 22 | 20 | -- |
| 10 | M.Sc Statistics | 26 | 26 | -- |
| 11 | M.A History | 26 | 26 | -- |
| 12 | M.Sc Wood Science and Technology (Industry Linked) | 24 | 12 | 12 |
| 13 | M.Sc Physics (Advanced Materials) | 20 | 20 | -- |
| 14 | M.Sc Chemistry (Material Science) | 18 | 18 | -- |
| 15 | M.Sc Geography | 18 | 18 | -- |
| 16 | M.Sc Applied Zoology | 18 | 18 | -- |
| 17 | M.A Tribal and Rural Studies | 22 | 22 | -- |
| 18 | M.A Malayalam | 35 | 35 | -- |
| 19 | M.Sc Molecular Biology | 18 | 16 | 2 |
| 20 | M.A Hindi | 26 | 25 | 1 |

| | | | | |
|---|---|---|---|---|
| 21 | M.A Music | 12 | 11 | 1 |
| 22 | M.Sc Environmental Science | 22 | 22 | -- |
| 23 | M.Sc Clinical & Counseling Psychology | 22 | 24 | -- |
| 24 | Master of Computer Application - Centres (Self financing) | 35 | 34 | 1 |
| 25 | M.Sc Biotechnology | 13 | 14 | -- |
| 26 | B.A.LLB | 60 | 66 | -- |
| 27 | M.Sc. Computer Science | 16 | 17 | -- |
| 28 | Master of Business Administration - Department of Management studies | 45 | 45 | -- |
| 29 | M.Sc. Plant science with specialization in Ethno botany | 12 | 13 | -- |
| 30 | M.Sc. Computational Biology | 12 | 11 | 1 |
| 31 | M.Sc. Nano Science and Nano Technology | 12 | 11 | 1 |
| 32 | LLM- Manjeswaram | 20 | 8 | 12 |
| 33 | Master of Business Administration - Mangattuparamba Centre | 45 | 45 | -- |
| 34 | Master of Business Administration - Nileshwaram Centre | 45 | 32 | 13 |
| 35 | Master of Business Administration ICM Parassinikkadavu centre | 45 | 38 | 7 |
| 36 | Integrated M.Com. | 50 | 46 | 4 |

9.62. ഗവൺമെന്റ് കോളേജ്, എയ്ഡഡ് കോളേജ്, സെൽ ഫിനൻസിങ് കോളേജ് എന്നിവയിൽ മെത്തം 23168 സീറ്റുകൾ ഉള്ളതിൽ 6815 സീറ്റുകൾ യു.ജി യിൽ വേക്കന്റ് ആയി കിടക്കുന്നുണ്ട്. അതുപോലെ തന്നെ പി.ജി യിൽ 3026 സീറ്റുകളിൽ 1043 സീറ്റുകൾ വേക്കന്റ് ആയി കിടക്കുന്നുണ്ട്. ഡിപ്പാർട്ട്മെന്റുകളിൽ 942 സീറ്റുകളിൽ 52 സീറ്റുകൾ ആണ് വേക്കന്റ്. ഇതാണ് നിലവിലുള്ള സ്റ്റാറ്റിസ്റ്റിക്സ് എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി പി. അഷ്റഫ് പറഞ്ഞു.

9.63. ഗവൺമെന്റ് കോളേജുകളിൽ വളരെ കുറവ് വേക്കൻസി മാത്രമാണെന്നും എയ്ഡഡ് കോളേജുകളിൽ നോക്കിയാൽ മാത്തമാറ്റിക്സ് വിഷയത്തിലാണ് കൂടുതൽ എന്നും വൈസ് ചാൻസിലർ പറഞ്ഞു.

9.64. സയൻസ് വിഷയത്തിലാണ് കൂടുതൽ വേക്കൻസികൾ ഉള്ളതെന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു. കേരളത്തിലെ മുഴുവൻ കോളേജുകളിലേയും കണക്ക് എടുത്തിട്ടുണ്ടെന്നും സയൻസ് വിഷയങ്ങളിലാണ് എല്ലാ കോളേജുകളിലും പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നതെന്നും ഡോ. ആർ.കെ ബിജു പറഞ്ഞു. നല്ല വണ്ണം പഠിപ്പിക്കുന്ന കോളേജുകളിൽ റിസൽട്ട് അടിസ്ഥനപ്പെടുത്തിയാൽ അവിടെയും ഇൻഡക്സ് മാർക്ക് വളരെ താഴേക്ക് പോയിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ 29.42% യു.ജി യിലും 34.46% പി.ജി യിലും വേക്കന്റ് ആണ് എന്നും ഡോ. ആർ.കെ. ബിജു പറഞ്ഞു. കഴിഞ്ഞ വർഷം ഗവൺമെന്റ് കോളേജുകളിൽ ഫിസിക്സിന് ഇൻഡക്സ് മാർക്ക് 1300 ആണ് ലഭിച്ചതെങ്കിൽ ഈ പ്രാവശ്യം അത് 995 ന് അടുത്തേക്ക് വന്നിട്ടുണ്ട്. എന്ന് പറഞ്ഞാൽ 1300 ഇൻഡക്സ് മാർക്ക് ഇല്ലാത്തകുട്ടികൾ ഇല്ലാത്തതുകൊണ്ടല്ല ഇങ്ങനെ സംഭവിക്കുന്നത്. ആ കുട്ടികൾ വേറെ ജോലി ഓപ്പർച്യൂണിറ്റി തേടിപൊകുന്നതു കൊണ്ടാണ്. ഇവിടേക്ക് 900 മാർക്കുള്ള കുട്ടി കയറിവരുന്നു. അതുകൊണ്ടാണ് വേക്കൻസി ഇല്ലാതാവുന്നത് എന്നും ഡോ. ആർ.കെ ബിജു പറഞ്ഞു.

9.65. മെഡിക്കൽ എൻട്രൻസ്, നീറ്റ് പരീക്ഷയുടെ റിസൽട്ട് വരുന്നത് നമ്മുടെ യു.ജി. അഡ്മിഷന് ശേഷമാണ്. അതിന്റെ ഭാഗമായിട്ടാണ് കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾ കോളേജിൽ നിന്ന് വിട്ടുപോകുന്നത്. അപ്പോഴേക്കും സർവ്വകലാശാല യിൽ അഡ്മിഷൻ ക്ലോസ് ചെയ്തിട്ടുണ്ടാവും. കൂടുതൽ മാർക്ക് വാങ്ങിയ കുട്ടി കൾക്ക് റഗുലർ കോളേജുകളിൽ അഡ്മിഷൻ കിട്ടാതെ വരുമ്പോൾ അന്യ സംസ്ഥാനങ്ങളിൽ പോയി മറ്റ് കോഴ്സുകൾക്ക് ചോരുകയാണ്. ഇപ്പോഴും അനുദിനം ടി.സി വാങ്ങിക്കുകയാണ് പല കുട്ടികളും എന്ന് ശ്രീ. സതീശൻ പി.കെ പറഞ്ഞു.

9.66. നമ്മുടെ കോളേജുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചേ മതിയാവൂ. കേര ളത്തിലെ സർക്കാർ സ്കൂളുകളിലെ മികച്ച സൗകര്യവും ലാബ് സൗകര്യവും ഉപയോഗിച്ച് വരുന്ന കുട്ടികൾക്ക് പരമപുച്ഛം തോന്നുന്ന അവസ്ഥയാണ് മിക്ക എയ്ഡഡ് കോളേജുകളിലേയും അവസ്ഥ. പി.ആർ.എൻ.എസ്.എസ് കോളേ ജിൽ ഫിസിക്സ് - 18, കെമിസ്ട്രി - 18, സുവോളജി - 9, പ്ലാന്റ് സയൻസ് - 9 എന്നിങ്ങനെ 40 തിൽ അധികം സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. സൗകര്യ ങ്ങൾ കുറഞ്ഞാൽ കുട്ടികൾ കോളേജുകൾ ഓപ്റ്റ് ചെയ്യുകയുമില്ല എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. രാഖി രാഘവൻ പറഞ്ഞു.

9.67. നല്ല അടിസ്ഥാന ലൗകര്യങ്ങൾ ഉള്ള മാർ ഇവാനിയസ് കോളേജിൽ പോലും ഏക അംഗത്തിനുള്ള ഡിഗ്രി കോഴ്സുകൾ പോലും നടത്തുന്നുണ്ട് എന്ന് ഡോ. ആർ.കെ. ബിജു പറഞ്ഞു.

9.68. സെനറ്റിൽ ചർച്ച ചെയ്ത് നമുക്ക് ഒരു തീരുമാനത്തിൽ എത്താൻ കഴിയില്ലെന്നും അതുകൊണ്ട് ഒരു സേർച്ച് കമ്മിറ്റി വെച്ച് പഠിച്ചിട്ട് അടുത്ത സെനറ്റ് യോഗ ത്തിൽ റിപ്പോർട്ടായി വെക്കാം എന്നും വൈസ് ചാൻസിലർ പറഞ്ഞു.

Q.No. 18

Dr. ISMAIL OLAYIKKARA

കഴിഞ്ഞ സെനറ്റ് യോഗത്തിന് ശേഷം അദ്ധ്യാപകരുടെ അപ്രൂവൽ, പ്ലേസ്മെന്റ് സംബന്ധിച്ച് ലഭിച്ച എത്ര അപേക്ഷകളിൽ തീരുമാനമായിട്ടുണ്ട്? എത്ര എണ്ണം തീരുമാനമാകാൻ ബാക്കിയുണ്ട്?.

**ഉത്തരം** – 41 പ്ലേസ്മെന്റുകളും 2 അപ്പ്രൂവലുകളും നൽകിയിട്ടുണ്ട്. 25 പ്ലേസ്മെന്റുകളും 6 അപ്പ്രൂവലുകളും തീരുമാനം ആകാൻ ബാക്കിയുണ്ട്.

Q.No. 19

Smt. SONA P

2022-2023 വർഷത്തെ യു.ജി, പി.ജി അഡ്മിഷൻ പൂർത്തീകരിച്ചപ്പോൾ ഏതൊക്കെ അഫിലിയേറ്റഡ് കോളേജുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റു കളിലും ഏതൊക്കെ പ്രോഗ്രാമുകൾക്ക് എത്ര സീറ്റുകൾ ആണ് ഒഴിഞ്ഞു കിട ക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്?.

**ഉത്തരം** – 2022-23 അധ്യയന വർഷത്തിലെ യു.ജി, പി.ജി പ്രവേശനത്തിൽ അഫിലിയേറ്റഡ് കോളേജുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റിലും ഒഴി വുള്ള സീറ്റുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടു ണ്ട്.

## UG ADMISSION – AFFILIATED COLLEGES – 2022-23 ACADEMIC YEAR

| College Type | Total Sanctioned (Including (EWS & PWD) | Admitted | Vacancy | Additionally created (SAI, Laksadweep) |
|---|---|---|---|---|
| Govt | 2790 | 2565 | 253 | 28 |
| Aided | 5503 | 4871 | 659 | 27 |
| Self financing | 14875 | 8996 | 5903 | 24 |

## PG ADMISSION – AFFILIATED COLLEGES – 2022-23 ACADEMIC YEAR

| College Type | Total Sanctioned (Including (EWS & PWD) | Admitted | Vacancy |
|---|---|---|---|
| Govt | 627 | 598 | 29 |
| Aided | 735 | 683 | 52 |
| Self financing | 1664 | 702 | 962 |

**Seat details in University Departments**

| Sl.No | Programme | Max. No. of seats | Admitted Students | Vacant Seats |
|---|---|---|---|---|
| 1 | Master of Library and Information Science | 26 | 27 | -- |
| 2 | Master of Computer Application-Department | 35 | 36 | -- |
| 3 | M.A Journalism and Mass Communication | 26 | 28 | -- |
| 4 | M.A English | 35 | 35 | -- |
| 5 | M.A Anthropology | 22 | 23 | -- |
| 6 | M.Sc Microbiology | 13 | 14 | -- |
| 7 | M.A Economics | 26 | 26 | -- |
| 8 | LLM - Palayad | 20 | 13 | 7 |
| 9 | M.Sc Mathematics | 22 | 20 | -- |
| 10 | M.Sc Statistics | 26 | 26 | -- |
| 11 | M.A History | 26 | 26 | -- |
| 12 | M.Sc Wood Science and Technology (Industry Linked) | 24 | 12 | 12 |
| 13 | M.Sc Physics (Advanced Materials) | 20 | 20 | -- |
| 14 | M.Sc Chemistry (Material Science) | 18 | 18 | -- |
| 15 | M.Sc Geography | 18 | 18 | -- |
| 16 | M.Sc Applied Zoology | 18 | 18 | -- |
| 17 | M.A Tribal and Rural Studies | 22 | 22 | -- |
| 18 | M.A Malayalam | 35 | 35 | -- |
| 19 | M.Sc Molecular Biology | 18 | 16 | 2 |
| 20 | M.A Hindi | 26 | 25 | 1 |
| 21 | M.A Music | 12 | 11 | 1 |
| 22 | M.Sc Environmental Science | 22 | 22 | -- |
| 23 | M.Sc Clinical & Counseling Psychology | 22 | 24 | -- |
| 24 | Master of Computer Application-Centres (Self financing) | 35 | 34 | 1 |
| 25 | M.Sc Biotechnology | 13 | 14 | -- |
| 26 | B.A.LLB | 60 | 66 | -- |
| 27 | M.Sc. Computer Science | 16 | 17 | -- |
| 28 | Master of Business Administration-Department of Management studies | 45 | 45 | -- |
| 29 | M.Sc. Plant science with specialization in Ethno botany | 12 | 13 | -- |
| 30 | M.Sc. Computational Biology | 12 | 11 | 1 |
| 31 | M.Sc. Nano Science and Nano Technology | 12 | 11 | 1 |

| | | | | |
|---|---|---|---|---|
| 32 | LLM- Manjeswaram | 20 | 8 | 12 |
| 33 | Master of Business Administration - Mangattuparamba Centre | 45 | 45 | -- |
| 34 | Master of Business Administration- Nileshwaram Centre | 45 | 32 | 13 |
| 35 | Master of Business Administration ICM Parassinikkadavu centre | 45 | 38 | 7 |
| 36 | Integrated M.Com. | 50 | 46 | 4 |

9.69. നേരത്തെ രണ്ടാമത്തെ ചോദ്യം ചോദിക്കുമ്പോൾ ഓൺലൈനിൽ ഉണ്ടായിരുന്നു എന്നും പക്ഷേ നാലാമത്തെ ചോദ്യത്തിന്റെ ഉത്തരം പറയുന്ന സമയത്ത് മാത്ര മാണ് ഇവിടെ നിന്നുള്ള സൗണ്ട് ഓൺ ലൈനിലുള്ളവർക്ക് കേൾക്കാൻ സാധി ച്ചതെന്നും ആയതിനാൽ ഈ സാങ്കേതിക കാരണം പരിഗണിച്ച് രണ്ടാമത്തെ ചോദ്യം അവതരിപ്പിക്കുന്നതിനുള്ള പെർമിഷൻ തരണമെന്നും ശ്രീമതി. സോന പി ആവശ്യപ്പെട്ടു.

9.70. ചോദ്യോത്തര വേളയുടെ സമയം കഴിഞ്ഞതിനാൽ അവസരം നൽകാൻ കഴിയി ല്ലെന്ന് ചെയർ അറിയിച്ചു.

## II. Business brought forward by the Members of the Syndicate and the Vice-Chancellor.

9.71. ചോദ്യോത്തര വേള കഴിഞ്ഞ ഉടനെ കേരളത്തിന്റെ മുൻ ആഭ്യന്തര മന്ത്രിയായി രുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നിര്യാണത്തിൽ സഭ അനുശോചിച്ചു. ഡോ. ടി.പി അഷ്റഫ് അനുശോചന പ്രമേയം അവതരിപ്പിച്ചു

9.72. കേരളത്തിന്റെ ആഭ്യന്തര മന്ത്രിയും അതുപോലെ തന്നെ ടൂറിസം മന്ത്രി ഒക്കെ യായിരുന്ന ബഹു. കോടിയേരി ബാലകൃഷ്ണൻ 2022 ഒക്ടോബർ 1 ന് അന്തരി ച്ചു. അദ്ദേഹത്തിന്റെ നഷ്ടം കേരളത്തിന് വലിയൊരു ദു:ഖം ഉണ്ടാക്കി. ഈ സെനറ്റ് യോഗം അദ്ദേഹത്തിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തു ന്നു. This meeting of the Kannur University Senate expresses its deep condolences at the sad demise of Sri. Kodiyeri Balakrishnan. We remember him with respect by observing silence for a minute and expresses heardfelt sympathy to the members of the bereaved family.

9.73. തുടർന്ന് എല്ലാവരും ഒരു മിനുട്ട് മൗനം ആചരിച്ചു.

<u>ഔദ്യോഗിക പ്രമേയം</u>

9.74. സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി.പി. അഷ്റഫ് ഔദ്യോഗിക പ്രമേയം അവതരി പ്പിച്ചു.

9.75. University Grants Commission Curricular Framework and Credit System for Under Graduate Programme എന്ന രേഖ പുറത്തിറക്കിയിരിക്കുകയാണ്. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന അടിസ്ഥാനപരമായ പ്രശ്ന ങ്ങളെ അഭിസംബോധന ചെയ്യാൻ ഉതകുന്ന നിർദ്ദേശങ്ങൾ അടങ്ങിയതല്ല. ഓരോ സംസ്ഥാനത്തിന്റെയും വിദ്യാഭ്യാസ സാഹചര്യങ്ങളെ ഒരൊറ്റ അച്ചിൽ വാർത്ത കരിക്കുലം കൊണ്ട് നേരിടാനുള്ള നീക്കം ചെറുക്കപ്പെടേണ്ടതാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ ബിരുദ ബിരുദാനന്തര പ്രവേശനത്തിന്റെ കാര്യത്തിൽ പതിനായിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നത് ഒരു യാഥാർത്ഥ്യമാണ് നമ്മെ ഇപ്പോൾ വ്യാകുലപ്പെടുത്തുന്നത്. ഈ സാഹചര്യ ത്തിൽ പാഠ്യ പദ്ധതി നവീനമായി പരിഷ്കരിച്ചുകൊണ്ട് ഉപരി പഠന ഗവേഷണ സാധ്യതയും തൊഴിൽ സാധ്യതയും കൂടി ഉറപ്പ് വരുത്തുന്ന തരത്തിൽ പാഠ്യ പദ്ധതി ഉണ്ടാക്കിയെടുത്ത് സിലബസ്സുകളെ പുന ക്രമീകരിച്ചു കൊണ്ടുള്ള നയ

പരമായ തീരുമാനങ്ങൾ കേരളസർക്കാർ തലത്തിൽ ദേശീയ വിദ്യാഭ്യാസ നയങ്ങൾക്കൊരു ബദൽ എന്ന നിലയിൽ വേണ്ടതുണ്ട്. ഇതിനാവശ്യമായ അക്കാദമിക സ്വയം ഭരണാവകാശം സർവ്വകലാശാലകൾക്ക് നിലനിർത്തി കിട്ടേണ്ടതുമുണ്ട്. ഇതിനാവശ്യമായ നടപടിക്രമങ്ങൾ ഉണ്ടാക്കണം എന്ന് കേന്ദ്ര സർക്കാറിനോടും കേരള സർക്കാരിനോടും ഈ ഔദ്യോഗിക പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.76. എല്ലാ അംഗങ്ങളും പ്രമേയത്തെ അനുകൂലിച്ചു.

9.77. നാഷണൽ എഡ്യുക്കേഷൻ പദ്ധതിയുടെ പോരായ്മയെക്കുറിച്ച് പലവേദികളിൽ, സെനറ്റിലടക്കം നമ്മൾ ചർച്ച നടത്തിയിട്ടുണ്ട്. നാഷണൽ എഡ്യുക്കേഷൻ പോളിസി അതേ പടി നാല് വർഷ ബിരുദ കോഴ്സുകളിലേക്ക് സംസ്ഥാന സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യം കൂടി ഉണ്ട്. പക്ഷെ അവിടെയൊക്കെ സിലബസ്സ് ഫ്രെയിം ചെയ്യുന്ന സമയത്ത് സർവ്വകലാശാലയ്ക്ക് അതിന്റേതായ ഒരു ഇടപെടൽ ഉണ്ടായിരിക്കണമെന്ന കാര്യം കൂടി ഉറപ്പുവരുത്തേണ്ടത് നമ്മുടെ ഓരോരുത്തരുടേയും ഉത്തവാദിത്വമായി മാറിക്കൊണ്ടിരിക്കുകയാണ്.ഇന്ത്യയിൽ 700 ൽ അധികം സർവ്വകലാശാലകൾ ഉണ്ടായിരിക്കെ ഈ സർവ്വകലാശാലകൾ അതാത് മേഖലകളിൽ അറിവിന്റെ ഉദ്പാദനങ്ങൾക്ക് വേണ്ടി കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഈ ഒരു സാഹചര്യത്തിൽ ഇത്തരത്തിലുള്ള പ്രമേയത്തിന് വളരെയധികം പ്രസക്തിയുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസം എന്ന് പറയുന്നത് കൺകറന്റ് ലിസ്റ്റിൽ തന്നെ നിർത്തേണ്ടത് നമ്മുടെ ഓരോരുത്തരുടേയും ആവശ്യമാണ്. അപ്പോൾ അത്തരത്തിൽ കൺകറന്റ് ലിസ്റ്റിൽ നിർത്തിക്കൊണ്ട് വിദ്യാഭ്യാസത്തിലൂടെ നമ്മുടെ ഭാവി സമൂഹത്തെ വാർത്തെടുക്കേണ്ട ഉത്തരവാദിത്വം ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന നമ്മൾ എല്ലാവർക്കും ഉണ്ട് എന്നതു കൊണ്ട് തന്നെ ഈ പ്രമേയത്തെ പിന്തുണക്കുന്നു എന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

9.78. ഇത് വളരെ അനിവാര്യമായ പ്രമേയമാണ്. നാഷണൽ എഡ്യുക്കേഷൻ പോളിസിയെ അതേപടി ഇവിടെ അച്ചിൽ വാർക്കുന്ന നടപടികൾ ആണ് എന്നുള്ള രീതിയിലല്ല ഇതിനെ കാണേണ്ടത്. അതിനുള്ള ബദൽ സാധ്യതകളാണ്. നാല് വർഷ കോഴ്സ് എന്ന് പറയുന്നത് ഒരു ഇന്റർ നാഷണൽ പാറ്റേണിന്റെ ഭാഗമായിട്ടുള്ളതുകൊണ്ട് ആധുനീക കാലത്ത് അംഗീകരിക്കേണ്ടിവരുന്നു എന്നത് കൊണ്ട് മാത്രം എൻ.ഇ.പി. ഇവിടെ പറിച്ചു നടുന്നു എന്നുള്ള ചില പരിമിതമായ വായനകൾക്കപ്പുറത്തേക്ക് വിദ്യാർത്ഥികൾക്കും സമൂഹത്തിനും സ്വകാര്യവത്കരണത്തിനും എതിരായി എന്ത് ചെയ്യാൻ പറ്റും എന്നുള്ള രീതിയിലും നമ്മുടെ സർവ്വകലാശാലകളിൽ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) എങ്ങനെ വർദ്ധിപ്പിക്കണം എന്നുള്ള പദപരമായ ഒരു ആവിഷ്കാരത്തിനപ്പുറത്തേക്ക് ഒരു സൊലൂഷൻസും അതിൽ പറയുന്നില്ല. പക്ഷെ കേരളത്തിൽ മുന്നോട്ട് വെച്ചിട്ടുള്ള വിദ്യാഭ്യാസ കാഴ്ച്ചപ്പാടിൽ അതിന് അക്കമിട്ടുകൊണ്ടുള്ള അതിന്റെ നിർദ്ദേശങ്ങൾ വെച്ചു കൊണ്ടും സ്കോളർഷിപ്പുകൾ വെച്ചുകൊണ്ടും സാമ്പത്തിക സഹായങ്ങൾ കൊണ്ടും ആണ് ജി.ഇ.ആർ വർദ്ധിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ എൻ.ഇ.പി ഇവിടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നുള്ളത് പരിമിതമായ വായനയായി മാത്രമേ ഇവിടെ കാണാൻ സാധിക്കുകയുള്ളൂ. ഇവിടുത്തെ പ്രധാന പ്രശ്നം എങ്ങനെയാണ് ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) വർദ്ധിപ്പിക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ തൊഴിലധിഷ്ഠിതമായി കൊണ്ടുവരിക എന്നുള്ളതാണ് എന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു.

9.79. പ്രമേയം സഭ പാസ്സാക്കി.

<u>അടിയന്തിര പ്രമേയം</u>

9.80. ഡോ. ആർ.കെ ബിജു അടിയന്തിര പ്രമേയത്തിന് അനുമതി തേടി.

9.81. 20 അംഗങ്ങളുടെ പിന്തുണ ഉണ്ടോ എന്ന് വൈസ് ചാൻസിലർ ചോദിച്ചു.

9.82. ശ്രീ. സാജു പി.ജെ 20 അംഗങ്ങളുടെ പിന്തുണയുണ്ടെങ്കിൽ മാത്രമേ അടിയന്തിര പ്രമേയം അവതരിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്ന് പറഞ്ഞു.

9.83. ഇവിടെ പ്രമേയം ഏത് വിഷയവുമായി ബന്ധപ്പെട്ടതാണെന്നു പോലും സെനറ്റ് അംഗങ്ങൾക്ക് അറിയില്ല. പ്രമേയം എന്തുമായി ബന്ധപ്പെട്ടതാണെന്ന് മനസ്സിലാക്കിയ ശേഷം പ്രമേയം തള്ളണോ സ്വീകരിക്കണോ എന്ന് തീരുമാനിച്ചാൽ പോരെ എന്ന് ഡോ. ആർ.കെ ബിജു ചോദിച്ചു.

9.84. ഡോ. ആർ.കെ ബിജുവിന് വേണമെങ്കിൽ നേരത്തെ തന്നെ അംഗങ്ങൾക്ക് കൊടുത്ത് അംഗീകാരം വാങ്ങാമായിരുന്നു എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി.പി. അഷ്റഫ് പറഞ്ഞു.

9.85. സഭ നടപടികൾ അല്പനേരം ബഹളത്തിൽ കലാശിച്ചു.

9.86. 20 അംഗങ്ങളുടെ പന്തുണ ഇല്ലാത്തതിനാൽ ആ പ്രമേയം അവതരിപ്പിച്ചില്ല.

9.87. തുടർന്ന് ഡോ. സുരേഷ് കുമാർ കെ.എസ് അടിയന്തിര പ്രമേയത്തിന് അവതരണാനുമതി തേടി.

9.88. എന്നാൽ പ്രസ്തുത പ്രമേയത്തിന് 19 അംഗങ്ങലുടെ പിന്തുണ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ ആ പ്രമേയവും അവതരിപ്പിച്ചില്ല.

## III. **Business brought forward by the members of the Senate.**

Resolution No.1

Dr. R.K. BIJU moved the resolution

<u>**പ്രമേയം**</u> - കഴിഞ്ഞ രണ്ടു വർഷമായി ബിരുദ ബിരുദാനന്തര ബിരുദ കോഴ്സുകൾ പഠിക്കുവാൻ വിദ്യാർത്ഥികൾ കുറഞ്ഞു വരുന്നത് കണ്ണൂർ സർവ്വകലാശാലയിലെന്ന പോലെ കേരളത്തിലെ മറ്റു സർവ്വകലാശാലകളിലും കണ്ടുവരുന്നു. ഇത് അതി ഗൗരവമായി കാണേണ്ടുന്ന വിഷയമാണ്. ആയതിനാൽ പ്രസ്തുത വിഷയത്തിന്റെ അടിസ്ഥാനകാരണമെന്തെന്ന് കണ്ടെത്തി തുടർ നടപടികൾ ശുപാർശ ചെയ്യുവാനുമായി അക്കാദമിക മേഖലയിൽ മികവ് തെളിയിച്ചവരുടെ ഒരു കമ്മിറ്റി രൂപീകരിക്കണമെന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.89. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും വിദ്യാർത്ഥികളുടെ എണ്ണം വളരെ അധികം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കണ്ണൂർ സർവ്വകലാശാലയിലാണെങ്കിൽ പി.ജി വിഭാഗത്തിൽ 34.46% കുറവും യു.ജി യിൽ 29.42% കുറവും ഉണ്ട്. ഡിപ്പാർട്ട്മെന്റിൽ 4 ഓളം ഡിപ്പാർട്ട്മെന്റിൽ പകുതിയോളം വിദ്യാർത്ഥികളുമായിട്ടാണ് ഈ വർഷം അഡ്മിഷൻ പൂർത്തിയായിട്ടുള്ളത്. 52 സീറ്റ് ആണ് സർവ്വകലാശാലയിൽ കുറവ് വന്നിട്ടുള്ളത് എന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

9.90. ശ്രീ. സാജു പി.ജെ പ്രമേയത്തെ പിന്താങ്ങി.

9.91. പ്രമേയം സെനറ്റ് അംഗീകരിച്ചു.

Resolution No.2

Dr. PREMACHANDRAN KEEZHOTH moved the resolution

9.92. <u>**പ്രമേയം**</u> - 2022 ആഗസ്ത് മാസം 28 ന് അവസാനിച്ച 4-ാം സെമസ്റ്റർ പരീക്ഷയുടെ ഹാൾ ടിക്കറ്റ് അടക്കമാണ് ഗ്രേസ് മാർക്കിന് അപേക്ഷിക്കേണ്ടത് എന്നിരിക്കെ മാർച്ച് 31 ന് മുമ്പ് ലഭിക്കാത്ത എല്ലാ ഗ്രേസ് മാർക്ക് അപേക്ഷകളിലും പിഴ ചുമത്താനുള്ള സർവ്വകലാശാലയുടെ നിലപാട് പ്രതിഷേധാർഹമാണ്. കോവിഡ് കാരണം ഏപ്രിലിലും ക്ലാസുകൾ നടന്നിരുന്നു. ഓഡിറ്റിന്റെ പേര് പറഞ്ഞ് തങ്ങളുടെതല്ലാത്ത കാരണത്താൽ പരീക്ഷയെഴുതാൻ വൈകിയ ഓരോ എൻ.സി.സി. കേഡറ്റും 500/- രൂപ പിഴയടക്കണമെന്ന സർവ്വകലാശാല നിലപാട് പുന:പരിശോധിക്കണമെന്നും ഇത്തരം വിദ്യാർത്ഥി വിരുദ്ധ നിലപാടുകൾ ഭാവിയിൽ ഉണ്ടാകരുതെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.93. ഇത് നേരത്തെ ചർച്ച ചെയ്തതാണെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. രാഖി രാഘവൻ പറഞ്ഞു.

9.94. ചോദ്യോത്തര വേളയിലാണ് അത് വന്നത്. ഇത് പ്രമേയമാണ്. പ്രമേയം കൊടുക്കുന്ന സമയത്തും നിലവിലും പ്രസക്തി ഉണ്ട്. അതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കണമെന്ന് ഡോ. ആർ.കെ. ബിജു പറഞ്ഞു.

9.95. ഈ പ്രമേയത്തിൽ പറയുന്നത് വിദ്യാർത്ഥി വിരുദ്ധ നിലപാടുകൾ ഭാവിയിൽ ഉണ്ടാവരുത് എന്നാണ് പറയുന്നത്. വിദ്യാർത്ഥികൾക്ക് വേണ്ടി മാത്രമാണ് വിദ്യാർത്ഥി പക്ഷത്തു നിന്നുള്ള വീഴ്ച്ച അല്ലാഞ്ഞിട്ടുകൂടി സർവ്വകലാശാല അത് പരിഗണിച്ച് വേവ് ചെയ്ത് കൊടുത്തത്. അതുകൊണ്ട് തന്നെ പ്രമേയത്തിന് പ്രസക്തിയില്ല. ഈ പ്രമേയത്തിൽ പറയുന്നുത് വിദ്യാർത്ഥി വിരുദ്ധ നിലപാട് ഭാവിയിൽ ഉണ്ടാവരുത് എന്നാണ്. വിദ്യാർത്ഥി വിരുദ്ധ നിലപാട് സർവ്വകലാശാല എടുത്തിട്ടില്ല. യഥാർത്ഥത്തിൽ വിദ്യാർത്ഥിപക്ഷത്തുനിന്ന് ഉണ്ടായതല്ല ഈ വീഴ്ച്ച. കോളേജുകളിൽ നിന്ന് സമയബന്ധിതമായി സമർപ്പിക്കാത്തതുകൊണ്ടാണ്. പ്രിൻസിപ്പാൾമാരോട് ഇതിന്റെ വിശദീകരണം ആവശ്യപ്പെടുകയും അവർ തന്ന മറുപടി ബഹു. വൈസ് ചാൻസിലർ പരിശോധിച്ച് പിഴ ഈടാക്കുന്നതിൽ നിന്ന് വിദ്യാർത്ഥികളെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ വിദ്യാർത്ഥി വിരുദ്ധ നിലപാട് എന്ന് പറയുന്നത് ശരിയല്ല എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. രാഖി രാഘവൻ പറഞ്ഞു. കോവിഡിന്റെ സാഹചര്യത്തിൽ പരീക്ഷകൾ വൈകി. എൻ.സി.സി. സർട്ടിഫിക്കറ്റ് കിട്ടാൻ വൈകി. അത് വിദ്യാർത്ഥികളുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച്ചയല്ല എന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. രാഖി രാഘവൻ കൂട്ടിച്ചേർത്തു.

9.96. സഭ പ്രമേയം തള്ളിക്കളഞ്ഞു.

Resolution No.3

Dr. JAYAKRISHNAN T.V. moved the resolution

<u>**പ്രമേയം**</u> - 2022-23 വർഷത്തിൽ കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലും പഠന വകുപ്പുകളിലും വിവിധ വിഷയങ്ങളിലായി ധാരാളം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ പുതിയ കോളേജുകളും കോഴ്സുകളും അനുവദിക്കുന്നത് ശാസ്ത്രീയമായ പഠനത്തിന് ശേഷം മാത്രം ആകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.97. ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

9.98. പ്രമേയം സെനറ്റ് അംഗീകരിച്ചു.

Resolution No.4

Sri. SHANAVAS S M. moved the resolution

<u>**പ്രമേയം**</u> - അസുഖം, വിവാഹം, പ്രസവം തുടങ്ങിയവ മൂലം ബിരുദ, ബിരുദാനന്തര ബിരുദ പഠനം പാതി വഴിയിലാവുന്ന വിദ്യാർത്ഥികൾക്ക് പിന്നീട് അതേ സ്ഥാപനത്തിൽ തുടർന്ന് പഠിക്കുന്നതിനും കോഴ്സ് പൂർത്തിയാക്കുന്നതിനും നിലവിലുള്ള ബാച്ചിൽ ഒഴിവ് വേണമെന്ന നിർദ്ദേശം ഉള്ളതായി അറിയുന്നു. മേൽ സ്ഥാപനം തയ്യാറാണെങ്കിൽ അത്തരം വിദ്യാർത്ഥികളുടെ തുടർ പഠനം നിലവിലുള്ള ബാച്ചിൽ ഒഴിവില്ലെങ്കിലും അഡീഷണൽ സീറ്റ് അനുവദിച്ചു പഠനം പൂർത്തീകരിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.99. ഡോ. ആർ.കെ. ബിജു പ്രമേയത്തെ പിന്തങ്ങി.

9.100. അസുഖവും പ്രസവവും ശാരീരികമായ കാരണങ്ങൾ കൊണ്ട് ഒഴിവാക്കാനാവുന്നതല്ലെന്നും അതുകൊണ്ട് വിദ്യാഭ്യാസം തുടരാൻ വിദ്യാർത്ഥിനികൾക്ക് അവസരം നൽകണമെന്നും ശ്രീമതി. സോന പി പറഞ്ഞു. വിവാഹത്തെ തുടർന്ന് ഒരു കുട്ടിക്ക് പഠിക്കാനുള്ള അവസരം നഷ്ടപ്പെടുക എന്നത് സാമൂഹിക വിഷയമാണ്. ഡിഗ്രി ഒന്നാം വർഷവും രണ്ടാം വർഷവും പഠിക്കുമ്പോൾ തന്നെ

പെൺകുട്ടികളെ വിവാഹം കഴിച്ചയക്കുന്ന പ്രവണത കൂടിവരുന്നു. ഡിഗ്രി കഴി യുന്നത് വരെയെങ്കിലും പെൺകുട്ടികൾ വിവാഹം കഴിക്കാതിരിക്കുവാനുള്ള സാമൂഹിക സാഹചര്യം ഉണ്ടാക്കുകയാണ് വേണ്ടതെന്നും ശ്രീമതി.സോന പി പറഞ്ഞു.

9.101. ഈ വിഷയത്തിൽ സർവ്വകലാശാല നൽകേണ്ട ഒരു സന്ദേശമുണ്ടെന്ന സിൻഡി ക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു. പക്വത വരുന്നതിന് മുമ്പെ വിവാഹം കഴിച്ചു കൊടുത്താൽ ഉണ്ടാവുന്ന ഒരുപാട് പ്രശ്നങ്ങൾ ഉണ്ട്. വിവാഹം കഴിഞ്ഞു പോയ കുട്ടിക്ക് വീണ്ടും വീണ്ടും അതേ ക്ലാസിൽ പഠി ക്കണം എന്നത് തത്ക്കാലം അംഗീകരിക്കേണ്ടതില്ല എന്ന് അദ്ദേഹം അഭിപ്രായ പ്പെട്ടു.

9.102. ഒരു കുടുംബത്തിൽ നിന്നും മറ്റൊരു കുടുംബത്തിലേക്ക് വിവാഹം കഴിച്ചു കൊണ്ടുപോകുന്ന പെൺകുട്ടിക്ക് ഒരു പ്രതിരോധത്തിന്റെ ഭാഗം കൂടിയായ വിദ്യാഭ്യാസം പൂർത്തിയാക്കണം എന്നുള്ളത് ആവശ്യമായി ഉന്നയിക്കാൻ കഴിയ ണം. അവധി കഴിഞ്ഞ് ക്ലാസ്സിൽ തിരിച്ച് പോകാൻ ഉള്ള സാഹചര്യം ഉണ്ടാവു മ്പോൾ അവസരം കിട്ടുമ്പോൾ പഠിക്കാം എന്ന തോന്നലിലേക്ക് വിദ്യാർത്ഥിനി മാറാൻ സാധ്യതയുണ്ട്. അതിനാൽ വിവാഹം എന്നത് പ്രമേയത്തിൽ നിന്ന് ഒഴി വാക്കണം എന്ന് ശ്രീമതി. സോന പി അഭിപ്രായപ്പെട്ടു.

9.103. പ്രസവാവധി നൽകണമെന്ന് യു.ജി.സി. നിർദ്ദേശം ഉണ്ടെന്നും പ്രമേയം അംഗീ കരിക്കണമെന്നും ഡോ. ആർ.കെ ബിജു പറഞ്ഞു. Sanctioned Strength ന് പുറമെ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കുമ്പോൾ സർവ്വകലാശാല പ്രത്യേക ഉത്തരവ് ഇറക്കേണ്ടി വരുമെന്നും പറഞ്ഞു. വിവാഹത്തിന്റെ കാര്യത്തിൽ വിദ്യാർത്ഥികളെ കോളേജുകളിൽ നിന്ന് തന്നെ ബോധവത്കരിക്കാനുള്ള ശ്രമ ങ്ങളാണ് ഉണ്ടാവേണ്ടതെന്നും അതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കണ മെന്നും അദ്ദേഹം പറഞ്ഞു

9.104. വിദ്യാർത്ഥിനി പഠനം കഴിഞ്ഞിട്ട് വിവാഹം കഴിച്ചാൽ മതിയെന്ന് സ്വയം തീരുമാ നിക്കണം എന്നും വിവാഹം എന്നത് പ്രമേയത്തിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു.

9.105. പ്രമേയാവതാരകൻ കൂടിയായ ശ്രീ. ഷാനവാസ് എസ്.എം, പ്രമേയത്തിന്റെ കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട്, മൂന്നാമത്തെ സെമസ്റ്ററിനിടയിൽ വിവാഹം ചെയ്തതിനുശേഷം പഠനം നിർത്തി പോയിട്ടുണ്ടെങ്കിൽ അടുത്ത ബാച്ചിൽ റീ-അഡ്മിഷൻ നൽകാനാണ് ആവശ്യപ്പെട്ടതെന്ന് പറഞ്ഞു. Sanctioned Strength ഇല്ലാത്തത് കൊണ്ട് റീ-അഡ്മിഷന് സാധ്യതയുണ്ട്. സീറ്റ് ഒഴിവില്ലാത്തതിന്റെ പേരിൽ റീ-അഡ്മിഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാവരുത് എന്ന് കൂട്ടിച്ചേർത്തു. വിവാഹത്തിന്റെയോ പ്രസവത്തിന്റെയോ പേരിൽ ലീവ് അനുവദിക്കാൻ വേണ്ടിയല്ല പ്രമേയം കൊണ്ടുവന്നത് എന്നും അദ്ദേഹം പറഞ്ഞു.

9.106. വിവാഹം പെൺകുട്ടിയുടെ ഇഷ്ടത്തിനനുസരിച്ചാണ് നടത്തേണ്ടതെന്നും വിദ്യാ ഭ്യാസം പൂർത്തിയാവുന്നത് വരെ വിവാഹം മാറ്റിവെക്കണമെന്ന് പെൺകുട്ടി പറ യുന്ന അവസ്ഥ ഉണ്ടാകണമെന്നാണ് നമ്മളൊക്കെ ആഗ്രഹിക്കുന്നതെന്നും ശ്രീമ തി.കെ.കെ. ശൈലജ ടീച്ചർ പറഞ്ഞു. രക്ഷിതാക്കളുടെ നിർബന്ധത്തിന് വഴങ്ങി വിവാഹം നടക്കുമ്പോൾ പെൺകുട്ടിയുടെ വിദ്യാഭ്യാസം തടസ്സപ്പെടുന്ന അവ സ്ഥയുണ്ടെന്നും വിവാഹശേഷം പഠനം തുടരാനുള്ള അനുമതി കിട്ടുക എന്നത് പലപ്പോഴും അപൂർവ്വമാണ് എന്ന് കൂടി അഭിപ്രായപ്പെട്ടു. അനുമതി ലഭിക്കുകയാ ണെങ്കിൽ ആ പെൺകുട്ടിയുടെ വിദ്യാഭ്യാസം തുടരേണ്ടതല്ലേ എന്നും അതിന് എങ്ങനെയാണ് പരിഹാരം ഉണ്ടാവുക എന്നും ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ ചോദിച്ചു.

9.107. നിലവിൽ 50 രൂപ അടച്ചുകൊണ്ട് റീ-അഡ്മിഷൻ എടുക്കാമെന്നും സീറ്റ് ഒഴിവില്ലെങ്കിൽ അഡീഷണൽ ആയി നൽകാനാണ് ശ്രീ. ഷാനവാസ് എസ്.എം ഉദ്ദേശിച്ചതെന്ന് ശ്രീ. സതീശൻ പി.കെ പറഞ്ഞു.

9.108. വിവാഹം എന്നുള്ളത് പ്രമേയത്തിൽ നിന്ന് ഒഴിവാക്കണമെന്നും ഇത് പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ ഇപ്പോൾ ഉള്ളതിനേക്കാൾ വിവാഹം നടക്കുന്ന അവസ്ഥ ഉണ്ടാകുമെന്നും പല ബാച്ചുകളിലും അഡീഷണലായി ഒരുപാട് സീറ്റുകൾ വർദ്ധിപ്പിക്കേണ്ട സാഹചര്യം വരുമെന്ന് ഡോ. മഞ്ജുള കെ.വി പറഞ്ഞു.

9.109. നമ്മുടെ ഇടയിൽ തന്നെയുള്ള ആദിവാസി വിഭാഗങ്ങളിൽ രക്ഷിതാക്കളും സമൂഹവും നിർബന്ധിച്ചുകൊണ്ട് വിവാഹം നേരത്തെ നടക്കുന്ന അവസ്ഥയുണ്ടെന്നും എന്നാൽ അതിന്റെ പേരിൽ മിടുക്കികളായ കുട്ടികളുടെ വിദ്യാഭ്യാസം നിന്നുപോകുന്ന സാഹചര്യം ഉണ്ടാവരുതെന്നും അതിനാൽ പ്രമേയത്തിൽ നിന്ന് വിവാഹം ഒഴിവാക്കാൻ പാടില്ലെന്നും ഡോ. പ്രേമചന്ദ്രൻ കീഴോത്ത് പറഞ്ഞു.

9.110. യു.ജി. അഡ്മിഷനുള്ള പ്രായപരിധി എടുത്തു കളയണമെന്നും ഏത് പ്രായത്തിലുള്ള ആർക്കും വിദ്യാഭ്യാസം നേടാവുന്ന സാഹചര്യം നിലവിലുണ്ടെന്നും വിവാഹത്തിന്റെ പേരിൽ ഒന്നോ രണ്ടോ വർഷം നഷ്ടപ്പെട്ടാലും യു.ജി കോഴ്സിന് ചേരാത്ത നിയമം നിലവിൽ ഉണ്ടെന്നും എന്നാൽ അഡീഷണൽ സീറ്റ് അനുവദിക്കുക എന്നതിൽ സാങ്കേതിക തടസ്സങ്ങൾ ഉണ്ടെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. രാഖി രാഘവൻ പറഞ്ഞു.

9.111. ഏത് കോളേജിലും റീ-അഡ്മിഷൻ ഇപ്പോൾ തന്നെ നൽകുന്നുണ്ടെന്ന് വൈസ് ചാൻസിലർ യോഗത്തെ അറിയിച്ചു.

9.112. കോളേജുകളിൽ സീറ്റ് ഉണ്ടാവാത്തതാണ് പ്രശ്നമെന്നും Sanctioned Strength ന് ശേഷം വരുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് പഠിക്കാൻ സീറ്റ് അഡീഷണലായി ഉണ്ടാക്കി അഡ്മിഷൻ കൊടുക്കണം എന്നാണ് ഷാനവാസ് എസ്.എം പറഞ്ഞതെന്ന് ഡോ. ആർ.കെ. ബിജു പറഞ്ഞു.

9.113. ഇത്തരം അപേക്ഷകൾ കൂടുതലായി വരാറില്ലെന്നും വിവാഹം ആണ് പ്രശ്നമെങ്കിൽ എന്തെങ്കിലും കാരണം കൊണ്ട് തുടർ പഠനം പാതിവഴിയിൽ ആയവർക്ക് എന്നാക്കാമെന്നും ശ്രീ. ഷാനവാസ്. എസ്.എം പറഞ്ഞു.

9.114. വൈസ് ചാൻസിലർ ഇത് അംഗീകരിച്ചതിനെ തുടർന്ന് പ്രമേയം സഭ പാസ്സാക്കി.

Resolution No.5

Sri. SHANAVAS S M. moved the resolution

<u>പ്രമേയം</u> - APC സമർപ്പണം, Internal mark സബ്മിഷൻ, സെമസ്റ്റർ പരീക്ഷകൾ എന്നിവ സംബന്ധിച്ച തീയ്യതി ഒരു തവണ പ്രഖ്യാപിക്കുകയും പിന്നീട് മാറ്റി വെക്കുകയും ചെയ്യുന്ന അവസരങ്ങൾ നിരവധി ഉണ്ടാവുന്നു. അവസാന നിമിഷത്തിൽ നടത്തുന്ന മാറ്റിവെക്കൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. മുൻകൂട്ടി നിശ്ചയിച്ച പല അക്കാദമിക് പ്രോഗ്രാമുകളും അവതാളത്തിലാണ്. പരീക്ഷ ഒഴിവ് നോക്കി വിദേശ യാത്രയും കല്യാണം ഉൾപ്പെടെയുള്ളവ തീരുമാനിക്കുന്ന വിദ്യാർത്ഥികൾക്കും ഇത്തരം മാറ്റിവെക്കലുകൾ ഏറെ നഷ്ടങ്ങൾ ഉണ്ടാക്കുന്നു. അക്കാദമിക കലണ്ടർ അക്കാദമിക വർഷത്തിന്റെ ആദ്യത്തിൽ തന്നെ തയ്യാറാക്കണമെന്നും പരമാവധി മാറ്റി വെക്കലുകൾ ഒഴിവാക്കണമെന്നും ആ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.115. ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് സംസാരിച്ചു. പി.ജി. പരീക്ഷകളുടെ എ.പി.സി. സമർപ്പണത്തിനുള്ള തീയ്യതി 17/11/2022 മുതൽ 22/11/2022 വരെ എന്ന് വിജ്ഞാപനത്തിൽ പറഞ്ഞിരുന്നെങ്കിലും അതിന്റെ ലിങ്ക് ലഭ്യമായിരുന്നില്ല. പിന്നീട് ഒരു മാസത്തിന് ശേഷം എ.പി.സി. സമർപ്പണത്തിന്റെ തീയ്യതി നീട്ടിയിരുന്നു. അദ്ധ്യാപകർക്ക് ഇതിന് ഉള്ളിൽ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ബന്ധപ്പെട്ട അദ്ധ്യാപകൻ 5000/- രൂപ പിഴ അടക്കേണ്ടിവരുന്നു. ഒരു തീയ്യതി പറഞ്ഞാൽ ആ തീയ്യതിക്കുള്ളിൽ ചെയ്യാനുള്ള നടപടി സർവ്വകലാശാല സ്വീകരി

ക്കണം കൃത്യമായ കമ്മ്യൂണിക്കേഷൻ സർവ്വകലാശാലയുടെ ഭാഗത്ത് നിന്ന് ഉണ്ടാവുന്നില്ലെന്നും നോട്ടിഫിക്കേഷൻ വന്നോ എന്ന് നോക്കാൻ വെബ്സൈറ്റ് നോക്കി നടക്കേണ്ട അവസ്ഥയാണെന്നും ഇക്കാര്യത്തിൽ പരീക്ഷാ വിഭാഗം വേണ്ടത്ര ശ്രദ്ധ നൽകണമെന്നും അദ്ദേഹം പറഞ്ഞു.

9.116. തുടർന്ന് സംസാരിച്ച ഡോ. സുരേഷ് കുമാർ കെ.എസ്. പ്രമേയത്തിൽ സൂചിപ്പിച്ചത് കൊവിഡ് സാഹചര്യത്തെത്തുടർന്ന് കഴിഞ്ഞ വർഷം നടത്തേണ്ട 2 സെമസ്റ്റർ പരീക്ഷകൾ അദ്ധ്യാപകരും വിദ്യാർത്ഥികളും നിരന്തരം ആവശ്യപ്പെട്ടതിനെ തുടർന്ന് ഈ വർഷം നടത്തിയപ്പോൾ ഉണ്ടായ സാഹചര്യമാണെന്നും കോവിഡ് മാറിയ സാഹചര്യത്തിൽ അടുത്ത വർഷം ആദ്യം തന്നെ അക്കാദമിക കലണ്ടർ പ്രസിദ്ധീകരിച്ച് പരീക്ഷകൾ സുഗമമായി നടത്താൻ സാധിക്കുമെന്നും പറഞ്ഞു.

9.117. സഭ പ്രമേയം പാസ്സാക്കി

Resolution No.6

Dr. R.K. BIJU moved the resolution

**<u>പ്രമേയം</u>** - സർവ്വകലാശാല ഐ ടി സെല്ലിൽ ആവശ്യത്തിനുവേണ്ടതും, തനത് യോഗ്യതയുള്ളവരുമായ സ്ഥിരം ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്. അതുമൂലം ഡാറ്റാ ചോർച്ചകളടക്കം ഉണ്ടായിരിക്കുകയും ചെയ്തിരിക്കുന്നു. ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ അടക്കം വിവരങ്ങൾ അതീവ സുരക്ഷയോടുകൂടി കൈകാര്യം ചെയ്യേണ്ടതാണ് താനും. ആയതിനാൽ പ്രസ്തുത വിഭാഗത്തിൽ ആവശ്യത്തിനു യോഗ്യത ഉള്ളവർക്ക് മാത്രം സ്ഥിരം നിയമനം നൽകി രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.118. വിദ്യാർത്ഥികളുടെ ഡാറ്റ ചോർച്ച പോലുള്ള സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ഐ.ടി. വിഭാഗത്തിൽ എക്സ്പീരിയൻസുള്ള സ്ഥിരം ജീവനക്കാരെ നിയമിച്ചുകൊണ്ട് സുരക്ഷ ഉറപ്പ് വരുത്തുമെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

9.119. ഈ വിഷയം ശ്രദ്ധിക്കുമെന്നും ഈ പ്രമേയം തള്ളിക്കളയുകയാണെന്നും വൈസ് ചാൻസിലർ അറിയിച്ചു.

Resolution No.7

Dr. SHANOJ M.P. moved the resolution

**<u>പ്രമേയം</u>** - അടുത്ത അക്കാദമിക വർഷം ആരംഭിക്കുമ്പോൾ തന്നെ പരീക്ഷ, അക്കാദമിക് പ്രവർത്തനങ്ങൾ, കലോത്സവം,, സ്പോർട്സ് തുടങ്ങിയവ പ്രതിപാദിക്കുന്ന വിശദമായ അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.120. വിശദമായ അക്കാദമിക കലണ്ടർ പ്രസിദ്ധീകരിച്ചു കഴിഞ്ഞതിനാൽ, പ്രമേയം തള്ളിക്കളഞ്ഞു.

Resolution No.8

Sri. SAJU P.J. moved the resolution

**<u>പ്രമേയം</u>** - സർക്കർ, യൂണിവേഴ്സിറ്റി ജീവനക്കാരുടെ ഡി.എ കുടിശ്ശിക നൽകുകയും മാറ്റി വെച്ച ലീവ് സറണ്ടർ ആനുകൂല്യം പുന:സ്ഥാപിക്കുകയും ചെയ്യുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

9.121. പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ഡോ. ആർ.കെ ബിജു സംസാരിച്ചു. സർവ്വകലാശാലയിൽ മറ്റാവശ്യങ്ങൾക്ക് വരുന്ന ജീവനക്കാരന് നൽകേണ്ട ഡി.എ. യുടെ നിരക്കിൽ മാറ്റം വരുത്തിയിട്ടില്ലെന്നും ഉത്തരവ് സർക്കാർ അംഗീകരിച്ചിട്ടുണ്ടെങ്കിലും അർഹതപ്പെട്ടവർക്ക് അത് ലഭിക്കുന്നില്ലെന്നും അറിയിച്ചു. നമുക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാനാണ് കമ്മീഷനുകൾ പ്രവർത്തിക്കുന്നത്. സർവ്വകലാശാല ഒരു ഉത്തരവ് ഇറക്കിയാൽ അത് എല്ലാവർക്കും കിട്ടുന്ന രീതി

യിൽ ആക്കണം. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ഡി.എ. 400/- രൂപയാണ്. ഇക്കാര്യത്തിലും പുനർവിചിന്തനം ആവശ്യമാണ് എന്നും അദ്ദേഹം പറഞ്ഞു.

9.122. പ്രമേയം സഭ അംഗീകരിച്ചു.

Resolution No.9

Dr. SHANOJ M.P. moved the resolution

<u>പ്രമേയം</u> - കോളേജ് അദ്ധ്യാപകർക്ക് ഗവേഷണത്തിന് അനുകൂലമായ സാഹചര്യം ഒരുക്കുന്ന FDP പുന:സ്ഥാപിക്കണമെന്നും ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്ന MRP പുനരാരംഭിക്കണമെന്നും UGC യോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.123. ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

9.124. പ്രമേയം സഭ അംഗീകരിച്ചു.

Resolution No.10

Dr. R.K. BIJU moved the resolution

<u>പ്രമേയം</u> - കണ്ണൂർ സർവ്വകലാശാലയിലേക്ക് ജീവനക്കാരെ താത്കാലികമായി നിയമിക്കുന്നതിനു ഒഴിവ് വരുന്ന മുറക്ക് തന്നെ യോഗ്യതയ്ക്ക് അനുസരിച്ച് എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.125. ശ്രീ. സതീശൻ പി.കെ പ്രമേയത്തെ പിന്താങ്ങി.

9.126. ചർച്ചയിൽ ഇടപെട്ട് സംസാരിച്ച രജിസ്ട്രാർ താൽക്കാലിക തസ്തികയിൽ എപ്ലോയ്മെന്റ് എക്ചേഞ്ചിൽ നിന്നും ലിസ്റ്റ് വാങ്ങിയാണ് നിയമനം നടത്തുന്നതെന്നും അല്ലാതെയുള്ള നിയമനം നടത്തുന്നില്ലെന്നും അറിയിച്ചു. ഒരു ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞ് അടുത്ത ലിസ്റ്റ് കിട്ടി ഇന്റർവ്യൂ നടക്കുന്നതുവരെ മാത്രമാണ് നിലവിലുള്ളവർക്ക് എക്സ്റ്റൻഷൻ കൊടുക്കുന്നത് എന്നും അറിയിച്ചു.

9.127. സഭ പ്രമേയം തള്ളിക്കളഞ്ഞു.

Resolution No.11

Dr. ISMAIL OLAYIKKARA moved the resolution

<u>പ്രമേയം</u> - ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാറിന്റെ നേതൃത്വത്തിൽ സമഗ്രമായ പരിഷ്കരണം ലക്ഷ്യം വെച്ച പ്രവർത്തനങ്ങൾ നടക്കുന്ന സാഹചര്യത്തിൽ യൂണിവേഴ്സിറ്റിയിലെ മുഴുവൻ അദ്ധ്യാപകർക്കും അക്കാദമിക് വർഷം ആരംഭിക്കുമ്പോൾ തന്നെ ഓറിയന്റേഷൻ പ്രോഗ്രാം നടത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.128. ഡോ. ഷനോജ് എം.പി പ്രമേയത്തെ പിന്താങ്ങി.

9.129. പ്രമേയം സഭ പാസ്സാക്കി.

Resolution No.12

Dr. MANJULA K.V. moved the resolution

<u>പ്രമേയം</u> - നാല് വർഷ ബിരുദ കോഴ്സുകൾ അടുത്ത അധ്യയന വർഷം മുതൽ ആരംഭിക്കുന്ന സാഹചര്യത്തിൽ രണ്ടാം ഭാഷയായി പഠിക്കേണ്ടുന്ന വിഷയങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.130. ശ്രീ. ജയകൃഷ്ണൻ ടി.വി പ്രമേയത്തെ പിന്താങ്ങി.

9.131. തുടർന്ന് സംസാരിച്ച ഡോ. ആർ.കെ ബിജു നാലാം വർഷ യു.ജി കഴിയുന്ന ഒരു കുട്ടി നേരെ രണ്ടാം വർഷ പി.ജി. ക്ലാസിലേക്കാണ് പോകുന്നത്. യു.ജി അവസാന വർഷം പഠിക്കുന്ന ഒരു കുട്ടി മുഴുവൻ സമയവും ഐച്ഛിക വിഷയം മാത്രമാണ് പഠിക്കുന്നത്. ഇത്തരത്തിൽ ഭാഷാ വിഷയങ്ങൾ ഉൾപ്പെടുത്തുമ്പോൾ കുട്ടികൾക്ക് ആ ഐച്ഛിക വിഷയം പഠിക്കുന്നതിനുള്ള അവസരം ആണ് നഷ്ട

പ്പെടുത്തുന്നത്. അതുകൊണ്ട് തന്നെ അതാത് വിഷയങ്ങളിൽ തന്നെ പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികളാണ് സ്വീകരിക്കേണ്ടത് എന്നും അദ്ദേഹം പറഞ്ഞു. അതുകൊണ്ട് ഈ പ്രമേയം തള്ളിക്കളയണമെന്നും പറഞ്ഞു.

9.132. അവസാന വർഷ ഭാഷാ വിഷയങ്ങൾ പഠിക്കണമെന്നല്ല ഉദ്ദേശിച്ചതെന്നും ഒന്നും രണ്ടും വർഷങ്ങളിൽ ഭാഷാ വിഷയങ്ങൾ ഇപ്പോൾ പഠിപ്പിക്കുന്നുണ്ടെന്നും എൻ.ഇ.പി യിൽ ഭാഷാ വിഷയങ്ങളെ തീർത്തും അവഗണിക്കുന്ന പദ്ധതിയാണ് വരുന്നതെന്നും ഡോ. മഞ്ജുള കെ.വി പറഞ്ഞു. ഇതിനെ തടഞ്ഞ് ഭാഷാ വിഷയങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം കൊണ്ടുവരുന്നതിന് വേണ്ടിയാണ് ഈ പ്രമേയം അവതരിപ്പിച്ചതെന്നും ഡോ. മഞ്ജുള കെ.വി പറഞ്ഞു.

9.133. ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഭാഷകൾക്കുള്ള പ്രാധാന്യം കുറയ്ക്കുന്ന പുതിയ വിദ്യാഭ്യാസ പരിഷ്കാരത്തിൽ ഈ പ്രമേയം വളരെ പ്രസക്തമാണെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു.

9.134. ചർച്ചകൾക്കുശേഷം പ്രമേയം സഭ പാസ്സാക്കി.

Resolution No.13

Dr. SURESH KUMAR K.S moved the resolution

**പ്രമേയം** - രജിസ്ട്രാർ തസ്തികയിലേക്ക് യൂണിവേഴ്സിറ്റി അദ്ധ്യാപകരെ മാത്രം പരിഗണിക്കുന്നതിന്റെ സാങ്കേതികത്വം പുന:പരിശോധിക്കണമെന്നും യോഗ്യതയുള്ള ഗവൺമെന്റ്/ എയ്ഡഡ് കോളേജ് അദ്ധ്യാപകരെയും പരിഗണിക്കാൻ ആവശ്യമായ തരത്തിൽ നിയമ നിർമ്മാണം നടത്തണമെന്നും അതിനാവശ്യമായ മറ്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.135. പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലാണെന്നും കണ്ണൂർ സർവ്വകലാശാല ഓർഡിനൻസ് ഭേദഗതി വരുത്തുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസലുകൾ ഒന്നര വർഷത്തിലധികമായി സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട് എന്നും വൈസ് ചാൻസിലർ പറഞ്ഞു.

9.136. മുൻ വർഷങ്ങളിൽ രജിസ്ട്രാർ തസ്തികയിലേക്ക് ഗവൺമെന്റ്/എയ്ഡഡ് കോളേജ് അദ്ധ്യാപകരെ പരിഗണിക്കുകയും അവർ രജിസ്ട്രാർ ആയി നിയമിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ അത് നിഷേധിക്കുന്ന അവസ്ഥ ഉണ്ടായതുകൊണ്ടാണ് ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവന്നതെന്ന് ഡോ. സുരേഷ് കുമാർ കെ.എസ് പറഞ്ഞു.

9.137. നിലവിലുള്ള കണ്ണൂർ സർവ്വകലാശാല ഓർഡിനൻസിൽ പറഞ്ഞിരിക്കുന്നത് പ്രകാരമാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ ഈ പ്രമേയം തള്ളിക്കളയുന്ന് എന്ന് വൈസ് ചാൻസിലർ പറഞ്ഞു.

Resolution No.14

Sri. SAJU P.J. moved the resolution

**പ്രമേയം** - സർവ്വകലാശാലയിൽ ആസൂത്രണം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നതിന് സർക്കാർ പദ്ധതിയിനത്തിലും, കിഫ്ബി, റൂസ തുടങ്ങിയ ഏജൻസി വഴിയുള്ള ധനസഹായവും ഉടൻ ലഭ്യമാക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

9.138. ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങി കൊണ്ട് സംസാരിച്ചു. കോളേജുകൾക്കടക്കം റൂസ ഫണ്ടിൽ നിന്നും ഫണ്ട് അനുവദിക്കുകയും നിലവിൽ 50% തുകമാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്നും പറഞ്ഞു. അതുകൊണ്ട് തന്നെ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് തന്നെ സർവ്വകലാശാലയിൽ മാത്രമായി കാണാതെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മൊത്തത്തിലുള്ള പ്രശ്നമായി ഇതിനെ കാണേണ്ടതാണെന്നും ബഹു. എം.എൽ.എ യുടെ അറിവിലേക്ക് കൂടിയാണ് ഇത് പറഞ്ഞതെന്നും ഡോ. ആർ.കെ ബിജു പറഞ്ഞു.

9.139. കിഫ്ബിയിൽ നിന്ന് നേരത്തെ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തി അനുവദിച്ച ഫണ്ടിന്റെ പ്രശ്നമാണെങ്കിൽ അത് എന്താണെന്ന് നോക്കി പരിഹരിക്കാമെന്നും റൂസ ഫണ്ട് സെൻട്രൽ ഗവൺമെന്റ് ഫണ്ടായതിനാൽ രണ്ടും വേർതിരിച്ച് ചോദിക്കണമെന്നും ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ പറഞ്ഞു.

9.140. കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് വരാത്തതാണ് പ്രശ്നമെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

9.141. ചർച്ചകൾക്ക് ശേഷം പ്രമേയം സഭ അംഗീകരിച്ചു.

Resolution No.15

Dr. ISMAIL OLAYIKKARA moved the resolution

**പ്രമേയം** - ബോർഡ് ഓഫ് സ്റ്റഡീസ് സംബന്ധിച്ച പ്രതിസന്ധികൾ തുടർന്നുപോവുന്ന സാഹചര്യത്തിൽ യു.ജി. സിലബസിന്റെ നവീകരണവും പി.ജി. സിലബസ് പുനഃക്രമീകരണവും നടപ്പിലാക്കാനാവാതെ അനന്തമായി നീണ്ടുപോവുകയാണ്. ഇത് അക്കാദമിക് പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. സാഹചര്യത്തിന്റെ ഗൗരവം തിരിച്ചറിഞ്ഞ് സർവ്വകലാശാല നിർദ്ദേശിച്ച ബോർഡ് ഓഫ് സ്റ്റഡീസ് ലിസ്റ്റ് അംഗീകരിക്കണമെന്ന് ചാൻസിലറോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.142. ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

9.143. പ്രമേയം സഭ പാസ്സാക്കി.

Resolution No.16

Dr. SHANOJ M.P. moved the resolution

**പ്രമേയം** - കോളേജ് അദ്ധ്യാപകർ അക്കാദമിക് മേഖലയിലെ ഭരണ പരമായ ഉത്തരവാദിത്വമേറ്റെടുത്ത് ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്ന കാലയളവിനെ കേവലം അഡ്മിനിസ്ട്രേഷൻ എന്ന് പരിഗണിക്കാതെ വിശാലമായ അർത്ഥത്തിൽ ഉൾക്കൊള്ളേണ്ടതുണ്ട്. ഇതിനെ കേവലം അഡ്മിനിസ്ട്രേഷൻ മാത്രമായി പരിഗണിക്കുന്നത് അദ്ധ്യാപക വിരുദ്ധമായ നിലപാടാണ്. അക്കാദമിക് മേഖലയുമായി ബന്ധപ്പെട്ട ഭരണപരിചയം അധ്യാപനത്തിന് തുല്യമായി പരിഗണിക്കാൻ വേണ്ട നിയമ വ്യവസ്ഥകൾ രൂപപ്പെടുത്താൻ ബന്ധപ്പെട്ട അധികാരികളോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.144. ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

9.145. പ്രമേയം സഭ പാസ്സാക്കി.

Resolution No.17

Smt. SONA P. moved the resolution

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച യുജി/പിജി ന്യൂജനറേഷൻ പ്രോഗ്രാമുകളെ നിലവിലുള്ള പ്രോഗ്രാമുകളുമായി ഔചിത്യം പോലെ ഈക്വലൈസ് ചെയ്യണമെന്നും ഈ പ്രോഗ്രാമുകൾക്ക് പി.എസ്.സി യുടെ അംഗീകാരം നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും, ഇതുവഴി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും തൊഴിൽ സാധ്യതയ്ക്കുമുള്ള അവസരം ഒരുക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.146. ഡോ. ഷനോജ് എം.പി പ്രമേയത്തെ പിന്താങ്ങി.

9.147. പ്രമേയം സഭ പാസ്സാക്കി.

Resolution No.18

Dr. ISMAIL OLAYIKKARA moved the resolution

ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് കോളേജദ്ധ്യാപകരുടെ പെൻഷൻ പ്രായം ഉയർത്തുന്നത് ഉൾപ്പെടെയുള്ള യു.ജി.സി. യുടെ റെക്കമെന്റേഷൻസ് നടപ്പിലാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.148. ഡോ. ഷനോജ് എം.പി പ്രമേയത്തെ പിന്താങ്ങി.

9.149. യു.ജി.സി. യുടെ പെൻഷൻ പ്രായം 65 ആണെങ്കിൽ കൂടി സംസ്ഥാന സർക്കാരിന്റെ 56 വയസ്സിൽ തന്നെ തുടരണമെന്നും അതിനാൽ ഈ പ്രമേയത്തെ എതിർക്കുന്നുവെന്നും ഡോ. ആർ.കെ ബിജു പറഞ്ഞു.

9.150. കോളേജ് അദ്ധ്യാപകർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ പലപ്പോഴും തടയുന്ന സ്ഥിതി നിലവിലുണ്ട് എന്നും പ്രായം വർദ്ധിപ്പിക്കുക എന്നത് മാത്രമല്ല ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഈ രീതിയിൽ തടയപ്പെടുന്നുണ്ട് എന്നതിനാലാണ് ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നത് എന്ന് ഡോ. ഇസ്മായിൽ ഓലായിക്കര പറഞ്ഞു.

9.151. പ്രമേയം സഭ പാസ്സാക്കി.

Resolution No.19

Dr. SURESH KUMAR K.S moved the resolution

കണ്ണൂർ സർവ്വകലാശാലയുടെ നയപരിപാടികൾ രൂപീകരിക്കുമ്പോൾ യൂണിവേഴ്സിറ്റി ആക്ടും സ്റ്റാറ്റ്യൂട്ടും അനുസരിച്ചുള്ള അധികാരാവകാശങ്ങൾ ലഭ്യമാക്കണമെന്ന ഉപദേശക സമിതി എന്ന നിലയിൽ സെനറ്റിന്റെ അഭിപ്രായ നിർദ്ദേശങ്ങൾ കണക്കിലെടുക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.152. പ്രമേയം അവതരിപ്പിക്കുന്നില്ലെന്ന് ഡോ. സുരേഷ് കുമാർ കെ.എസ് പറഞ്ഞു.

Resolution No.20

Sri. SATHEESAN P.K. moved the resolution

പട്ടികജാതി വികസന ഓഫീസ്, കണ്ണൂർ മുഖേന SC, ST, OBC, OEC, FC വിദ്യാർത്ഥികൾക്ക് നൽകി കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യം സർക്കാരിൽ നിന്നും പാസായില്ലെന്ന് പറഞ്ഞ് പരീക്ഷാ ഫലം തടഞ്ഞു വെക്കുന്ന സർവ്വകലാശാലയുടെ നയം തിരുത്തണമെന്നും, സർക്കാരിൽ നിന്നും തുക ലഭിക്കുന്നതിനുവേണ്ട നടപടികളാണ് സർവ്വകലാശാല ചെയ്യേണ്ടതെന്നും അല്ലാതെ കുട്ടികളുടെ പരീക്ഷാഫലം തടഞ്ഞ് വെച്ച് വിദ്യാർത്ഥികളുടെ ഉപരി പഠനത്തിന് തടസ്സമുണ്ടാക്കുന്ന നടപടി സ്വീകരിക്കരുതെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.153. ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങി.

9.154. പ്രമേയത്തിൽ സൂചിപ്പിച്ചതു പോലെ പരീക്ഷാ ഫലം എവിടെയും തടഞ്ഞുവെച്ചിട്ടില്ല എന്നും പ്രിൻസിപ്പൽമാർക്ക് ഒരു പ്രൊഫോർമ അയച്ചു കൊടുക്കുകയും ഒരു അണ്ടർ ടെയ്ക്കിംഗ് വാങ്ങി കുട്ടികൾക്ക് സർക്കാരിൽ നിന്ന് പൈസ കുട്ടുന്ന മുറയ്ക്ക് സർവ്വകലാശാലക്ക് അത് അയച്ചു കൊടുക്കണമെന്നും ആ പ്രൊഫോർമ സർവ്വകലാശാലയിൽ ലഭിക്കുന്ന മുറയ്ക്ക് റിസൽട്ട് റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു. ഈ പ്രമേയത്തിൽ പറഞ്ഞതുപോലെ ആരുടേയും റിസൽട്ട് തടഞ്ഞു വെച്ചിട്ടില്ല. പ്രൊഫോർമ കോളേജുകളിൽ നിന്ന് ലഭിക്കുന്നതിന് വന്നിട്ടുള്ള താമസം കൊണ്ടാണ് വൈകിയതെന്നും പ്രശ്നം പരിഹരിച്ച് റിസൽട്ട് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

9.155. 2021-22 വർഷം നാലാം സെമസ്റ്ററിന്റെ റിസൽട്ടാണ് തടഞ്ഞു വെച്ചത്. ഫീ കൺസഷൻ ഉള്ള കുട്ടികൾ 50 തൂപ മാത്രമേ അടക്കുന്നുള്ളൂ, സർക്കാരിൽ നിന്ന് തുക ലഭിക്കാത്തതിനാൽ ബാക്കി തുക ഡിമാന്റായി സർവ്വകലാശാലയിൽ കിടക്കുന്നതിനാൽ ഈ തുക അടിയന്തിരമായി അടക്കണം എന്ന് സർവ്വകലാശാല ആവശ്യപ്പെടുകയും അത് അടയ്ക്കാമെന്ന് അറിയിച്ചതിനു ശേഷം മാത്രമാണ് റിസൽട്ട് പ്രഖ്യാപിച്ചിട്ടുള്ളത് എന്നും ശ്രീ. സതീശൻ പി.കെ പറഞ്ഞു. ഇത് തുടർന്നും വരാൻ പോകുകയാണെന്നും എസ്.സി കുട്ടികളുടെ അഫിഡവിറ്റ് കൊടുക്കുന്നുണ്ടെങ്കിൽ പോലും കുട്ടികളുടെ അക്കൗണ്ടിലേക്ക് നേരിട്ടാണ് സർക്കാർ ഫീ കൺസഷൻ കൊടുക്കുന്നത് എന്നും അദ്ദേഹം പറ

ഞ്ഞു. നേരത്തെ പ്രിൻസിപ്പാളുടെ അക്കൗണ്ടിലേക്കായിരുന്നു തന്നിരുന്നതെന്നും അത് പ്രിൻസിപ്പാൾ സർവ്വകലാശാല ഫണ്ടിലേക്ക് കൈമാറുകയായിരുന്നു ചെയ്തിരുന്നത് എന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഇപ്പോൾ കുട്ടികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് പൈസ പോകുമ്പോൾ ഈ തുക എന്തിനാണ് ലഭിച്ച തെന്ന് മനസ്സിലാക്കാതെ എടുത്ത് ചെലവഴിക്കുന്നു. പിന്നീട് പ്രിൻസിപ്പാൾ ആവ ശ്യപ്പെടുമ്പോൾ മാത്രമാണ് പരീക്ഷാ ഫീസ് ആയിരുന്നു ഇതെന്ന് അവർക്ക് മന സ്സിലാവുന്നത് എന്ന അവസ്ഥയാണ് ഇപ്പോഴുള്ളതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

9.156. എസ്.സി കുട്ടികൾക്ക് നേരിട്ട് ഫീ കൺസഷൻ ലഭിക്കുന്നതിനാൽ കുട്ടികളിൽ നിന്ന് ഒരു അഫിഡബിറ്റ് വാങ്ങിക്കുന്നുണ്ടെന്നും കുട്ടികൾക്ക് അക്കൗണ്ടിൽ പൈസ വന്നാൽ അത് എങ്ങനെയാണ് വന്നതെന്ന് മനസ്സിലാക്കാൻ എന്താണ് ബുദ്ധിമുട്ടെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി ചോദിച്ചു.

9.157. പിന്നോക്ക വിഭാഗ വികസന ഡയറക്ടറുടെ 14/11/2022 ലെ ഉത്തരവ് പ്രകാരം ഒ. ഇ.സി തുടങ്ങി 30 തോളം സമുദായങ്ങളിൽ പെടുന്ന വിഭാഗങ്ങളുടെ റിസൽട്ടു കൾ ഒരു വേദിയിലും തടഞ്ഞു വെക്കാൻ പാടില്ല. അത് കൂടാതെ ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാല ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. റിസൽട്ട് തടഞ്ഞുവെച്ചാൽ വിജിലൻസ് അന്വേഷണം വരെ നേരിടേണ്ടിവരുമെന്നും സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുണ്ട് എന്നും ഡോ. ആർ.കെ. ബിജു പറഞ്ഞു. ഇങ്ങനെ ഒരു ഉത്തരവ് ഉണ്ടായിരിക്കെ വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നല്ലാത്ത കാരണത്താൽ റിസൽട്ട് തടഞ്ഞുവെച്ച് കോളേജ് അദ്ധ്യാപകർ ഒരു അഫിഡവിറ്റ് നൽകണമെന്ന് പറയുന്നത് ശരിയല്ല എന്നും അതുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങുന്നു എന്നും അദ്ദേഹം പറഞ്ഞു.

9.158. കൃത്യമായ സമയങ്ങളിൽ ഈ തുക സർക്കാരിൽ നിന്നും ലഭിക്കാത്തതാണ് പ്രശ്നങ്ങൾക്ക് കാരണമെന്നും അതുകൊണ്ട് സർക്കാർ തന്നെ കൃത്യ സമയത്ത് ഈ ഗ്രാന്റുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതാണെന്നും ശ്രീ. സതീശൻ പി.കെ പറഞ്ഞു.

9.159. എസ്.സി, എസ്.ടി കുട്ടികൾക്ക് നേരിട്ട് തുക കൈമാറണമെന്ന് തീരുമാനിച്ചിരി ക്കുന്നത് കേന്ദ്ര സർക്കാർ ആണെന്നും അവിടെ ഉണ്ടാകുന്ന കാലതാമസം കൊണ്ടാണ് ഈ പ്രശ്നങ്ങൾ ഉണ്ടാവുന്നതെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി.പി അഷ്റഫ് പറഞ്ഞു.

9.160. ഈ കാര്യത്തിൽ കോളേജുകൾക്ക് ചെയ്യാൻ സാധിക്കുന്നത് കുട്ടികൾക്ക് ഈ കാര്യത്തെക്കുറിച്ച് ഒരു ഓറിയന്റേഷൻ ക്ലാസ് കോളേജുകൾ നൽകണമെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. രാഖി രാഘവൻ പറഞ്ഞു.

9.161. സർവ്വകലാശാലയുടെ സാമ്പത്തിക ഭദ്രതയെ തന്നെ ഇത് ബാധിക്കുന്നുണ്ടെന്നും ഓഡിറ്റ് ഒബ്ജക്ഷൻ വരെ നേരിടേണ്ടി വന്നിട്ടുണ്ടെന്നും പ്രൊ വൈസ് ചാൻസി ലർ പറഞ്ഞു. എങ്കിലും വിദ്യാർത്ഥികളുടെ റിസൽട്ട് തടഞ്ഞുവെക്കുന്ന നടപടി കളൊന്നും നടത്തിയിട്ടില്ലെന്നും പ്രിൻസിപ്പാൾമാരിൽ നിന്ന് ഒരു അഫിഡവിറ്റ് വാങ്ങിക്കുകമാത്രമാണ് ചെയ്തതെന്നും പ്രൊ വൈസ് ചാൻസിലർ പറഞ്ഞു. കുട്ടികളുടെ അക്കൗണ്ടിലേക്ക് വന്ന തുക സർവ്വകലാശായിലേക്ക് അടക്കേണ്ട താണെന്നും ഇതിന് സർവ്വകലാശാലയെ പഴിക്കേണ്ട ആവശ്യമില്ലെന്നും പ്രൊ വൈസ് ചാൻസിലർ പറഞ്ഞു.

9.162. കുട്ടികൾ സർവ്വകലാശാലയിലേക്ക് അടക്കേണ്ട തുക പ്രിൻസിപ്പാളുടെ അക്കൗ ണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞതെന്ന് ഡോ. മഞ്ജുള കെ.വി. പറഞ്ഞു.

9.163. നാലാം സെമസ്റ്റർ വിദ്യാർത്ഥികളുടെ റിസൽട്ടിലാണ് പ്രശ്നം ഉണ്ടായതെന്നും ആ കുട്ടികളുടെ ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്ററുകളുടെ റിസൽട്ടുകൾ അവർ ഫീസ് അടയ്ക്കാത്തത് പരിഗണിക്കാതെ തന്നെ ആ കുട്ടികളുടെ റിസൽട്ടുകൾ പ്രഖ്യാ പിച്ചിരുന്നു. കോളേജുകളിൽ നേരത്തെ കിട്ടിയിരുന്ന തുക ഈ പ്രശ്നം വന്നത്

കൊണ്ട് മാത്രം സർവ്വകലാശാലയിലേക്ക് കോളേജുകൾ അടച്ചിട്ടുണ്ടെന്ന് ചർച്ച യിൽ ഇടപെട്ട് സംസാരിച്ച കൺട്രോളർ ഓഫ് എക്സാമിനേഷൻസ് പറഞ്ഞു.

9.164. ശ്രീ. ഷാനവാസ് എസ്.എം, ഡോ. ഇസ്മായിൽ ഓലായിക്കര എന്നിവരും സംസാരിച്ചു.

9.165. തുടർന്ന് പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.21

Sri. SHANAVAS S M. moved the resolution

ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സെമസ്റ്റർ, ഫൈനൽ റിസൾട്ടുകൾ കോളേജ് ലോഗിൻ ഉപയോഗിച്ച് ലഭിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാവണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു. കോളേജ് തലത്തിലുള്ള അക്കാദമിക് പ്രവർത്തനങ്ങളുടെ വിലയിരുത്തലുകൾ നടത്തുന്നതിനും NAAC, NIRF പോലുള്ള റാങ്കിങ്ങുകൾക്ക് തയ്യാറെടുക്കുന്ന കോളേജുകൾക്ക് ആവശ്യമായ വിവരങ്ങൾ തയ്യാറാക്കുന്നതിനും സെമസ്റ്റർ, ഫൈനൽ റിസൾട്ടുകൾ ആവശ്യമാണ്.

9.166. കഴിഞ്ഞ അക്കാദമിക് കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു.

9.167. ഇപ്പോഴും കോളേജ് ലോഗിനിൽ റിസൽട്ട് ലഭിക്കുന്നില്ലെന്നും എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്നും ഡോ. ആർ.കെ ബിജു പറഞ്ഞു.

9.168. ഇതിൽ തീരുമാനമയിട്ടുണ്ടെന്നും ആയതിനാൽ ഈ പ്രമേയം തള്ളിക്കളയുന്നതായി ചെയർ അറിയിച്ചു.

Resolution No.22

Dr. MANJULA K.V. moved the resolution

കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സിലബസ് പരിഷകരണത്തിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.169. ബോർഡ് ഓഫ് സ്റ്റഡീസ് നിലവില്ലാത്ത സാഹചര്യത്തിലാണ് ഈ പ്രമേയം കൊണ്ടുവന്നതെന്നും ഡോ. മഞ്ജുള കെ.വി പറഞ്ഞു.

9.170. സിലബസ് പരിഷ്കരണം നടത്തുന്നതിനുള്ള നടപടികൾ തുങ്ങിയിട്ടുണ്ടെന്നും പ്രമേയം തള്ളിക്കളയുന്നതായി ചെയർ അറിയിച്ചു.

Resolution No.23

Smt. SONA P. moved the resolution

യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ഭൗതികസൗകര്യങ്ങളും അക്കാദമിക് പ്രവർത്തനങ്ങളും പരീക്ഷാനടത്തിപ്പും ഭിന്നശേഷിയുള്ള അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിഗണന നൽകിക്കൊണ്ടാണോ എന്ന് പരിശോധിക്കണമെന്നും അല്ലെങ്കിൽ അത്തരത്തിൽ ക്രമീകരണം നടത്താൻ കോളേജുകൾക്ക് നിർദ്ദേശം നൽകണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.171. ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

9.172. സഭ പ്രമേയം പാസ്സാക്കി.

Resolution No.24

Dr. SURESH KUMAR K.S moved the resolution

യു.ജി.സി ഏഴാം ശമ്പള പരിഷ്കരണം 01/01/2016 മുതൽ നടപ്പിലാക്കിയെങ്കിലും അന്നുമുതൽ 01/04/2019 വരെയുള്ള ശമ്പള കുടിശ്ശിക കേന്ദ്രഗവൺമെന്റ് ഇതു വരെ അനുവദിച്ചിട്ടില്ല. പ്രസ്തുത ശമ്പള കുടിശ്ശിക എത്രയും വേഗം അനുവദി

ക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് കണ്ണൂർ സർവ്വക ലാശാല ആവശ്യപ്പെടണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

9.173. ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

9.174. സഭ പ്രമേയം പാസ്സാക്കി.

Resolution No.25

Dr. PREMACHANDRAN KEEZHOTH moved the resolution

കണ്ണൂർ യൂണിവേഴ്സിറ്റി പരീക്ഷാ സ്ക്വാഡുകളിൽ നിയമനം നടത്തുമ്പോൾ മുൻകാലങ്ങളിൽ തുടരാറുള്ളതു പോലെ എല്ലാ വിഭാഗം യോഗ്യതയുള്ള അദ്ധ്യാപകർക്കും അവസരം നൽകണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെ ടുന്നു.

9.175. ശ്രീ. സതീശൻ പി.കെ പ്രമേയത്തെ പിന്താങ്ങി.

9.176. വ്യക്തതയില്ലാത്തതിനാൽ പ്രമേയം തള്ളിക്കളയുന്നതായി ചെയർ അറിയിച്ചു.

Resolution No.26

Sri. SAJU P.J. moved the resolution

11-ാം ശമ്പള കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിൽ വരുത്തിയ സർവ്വകലാശാല കളുടെ ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ.(പി). നം.21/2022/ഫിൻ തീയ്യതി 18/02/2022 മേലുള്ള അപാകതകൾ പരിഹരിക്കുന്നതിന് സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

9.177. ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

9.178. പ്രമേയം സഭ പാസ്സാക്കി.

Resolution No.27

Smt. SONA P. moved the resolution

എല്ലാ യൂണിവേഴ്സിറ്റികളിലും ഒരു വിമൻ സ്റ്റഡിസെന്റർ പ്രവർത്തിക്കണ മെന്നും അതിന്റെ പ്രവർത്തന മാനദണ്ഡങ്ങളും യുജിസിയുടെ 2019 ലെ ഗൈഡ്ലൈൻസിൽ പ്രതിപാദിക്കുന്നുണ്ട്. ഇത് പ്രവർത്തികമാക്കണമെന്നും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഒരു സെന്റർ ഫോർ ജന്റർ സ്റ്റഡീസ് ആരംഭിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെ ടുന്നു.

9.179. ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

9.180. പ്രമേയം സഭ പാസ്സാക്കി.

9.181. തുടർന്ന് 12.20 ന് സെനറ്റ് യോഗ നടപടികൾ അവസാനിച്ചതായി ചെയർ അറിയിച്ചു.

VICE CHANCELLOR